# വക്രോക്തിസിദ്ധാന്തത്തിലെ അർഥവും സങ്കല്പനവും

**ശരത് ചന്ദ്രൻ**

**ആമുഖം**

അർഥത്തെക്കുറിച്ചുള്ള ഇന്ത്യൻചിന്തകൾക്ക് അതിപുരാതനമായ പഴക്കം കാണാം. ആധുനിക അർഥവിജ്ഞാനസിദ്ധാന്തങ്ങൾ രൂപപ്പെടുന്നതിനുംമുമ്പ്, ഏകദേശം വൈദികകാലഘട്ടം മുതൽക്കുതന്നെ ഇന്ത്യയിൽ അർഥത്തിന്റെ വിവിധ മേഖലകളെക്കുറിച്ചുള്ള ചിന്താധാരകൾ രൂപപ്പെട്ടിരുന്നു. പാണിനിയെപ്പോലുള്ളവർ അർഥത്തെക്കുറിച്ച് അവതരിപ്പിച്ചിട്ടുള്ള നിരീക്ഷണങ്ങൾ ഉദാഹരണമാണ്. വ്യാകരണപാരമ്പര്യത്തിന്റെ ഭാഗമായിട്ടുള്ള ഇതിലൂടെ ഭാഷാശാസ്ത്രപരമായ അർഥസങ്കല്പമാണ് ഇവർ അവതരിപ്പിക്കുന്നത്. എന്നാൽ ഭർതൃഹരിയെപ്പോലുള്ളവരുടെ അർഥസങ്കല്പത്തിൽ ഭാഷാശാസ്ത്രത്തോടൊപ്പം തത്ത്വചിന്താപരമായ അർഥകല്പനകൾ കൂടിയുണ്ട്.

ശബ്ദവും അതിന്റെ അർഥവും എന്നത് സാഹിത്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനവും സങ്കീർണവുമായ ഒന്നാണ്. ഇവ രണ്ടിനും മറ്റു വ്യവഹാരങ്ങളിൽനിന്നു വ്യത്യസ്തമായി കാവ്യഭാഷയിലേക്ക് എത്തുമ്പോൾ തുല്യപ്രാധാന്യമുള്ളതായിത്തീരുന്നു. “ശബ്ദാർഥൗ സഹിതൗ കാവ്യം” എന്നാണ് ഭാമഹൻ കാവ്യത്തെ നിർവചിച്ചിട്ടുള്ളത്. സാഹിത്യത്തിലെ ശബ്ദാർഥങ്ങളുടെ സംപൃക്തി അഥവാ അന്യൂനാനതിരിക്തത്വം, സൗന്ദര്യാധായകവും അലോകസാധാരണമാംവണ്ണം ആസ്വാദ്യവുമായിരിക്കുമെന്ന് കുന്തകനും പറയുന്നു.[1] ഇതിനോടു ചേർത്തു വായിക്കാവുന്നതാണ് കുന്തകന്റെ കാവ്യനിർവചനവും. സാമാന്യവും ശാസ്ത്രഭാഷയിൽനിന്നും ഭിന്നവുമായ അസാധാരണമായ രചനാരീതിയുള്ളതും സഹൃദയർക്ക് ഹൃദയാഹ്ലാദമുളവാക്കുന്നതുമായ വിധത്തിൽ സഹിതങ്ങളായ ശബ്ദങ്ങളും അർഥങ്ങളുമാണ് കുന്തകന്റെ പക്ഷത്തിൽ കാവ്യം.[2] വക്രോക്തി എന്ന പദംകൊണ്ട് കുന്തകൻ അർഥമാക്കുന്നതും വിചിത്രമായ അഭിധയാണ്. അതാണ് ‘ലോകാതിക്രാന്തഗോചരമായ’ ചമൽക്കാരം ജനിപ്പിക്കുന്നത്. അലംകൃതമായ ശബ്ദാർഥങ്ങളാണ് കവിതയായി കുന്തകൻ അംഗീകരിക്കുന്നത്. ഇവിടെ സഹിതമായ ശബ്ദാർഥമാണ് കാവ്യം എന്ന ഭാമഹന്റെ അഭിപ്രായത്തെയാണ് കുന്തകനും പിന്തുടരുന്നത്. അപ്പോഴും പലതരത്തിലുള്ള വക്രതകളിലൂടെ മനോഹരമായതും സഹൃദയരെ ആഹ്ലാദിപ്പിക്കുന്നതുമായ സ്വഭാവ സവിശേഷതകളോടുകൂടിയതാണ് കാവ്യം എന്നുപറയുന്നുണ്ട്. ഇവിടെ ശബ്ദത്തിനും അർഥത്തിനും പ്രത്യേകമായ നിർവചനം ഭാമഹനിൽനിന്നും വ്യതിരിക്തമായി കുന്തകൻ നല്കുന്നതുകാണാം. സമാനാർഥകമായ നിരവധി പദങ്ങൾ ഒരർഥത്തെക്കുറിക്കാൻ ഉണ്ടെങ്കിലും കവിവിവക്ഷ പൂർണമായി

[1] സാഹിത്യമനയോഃ ശോഭാശാലിതാം പ്രതി കാപ്യസൗ, അന്യൂനാനതിരിക്തത്വമനോഹാരിണ്യവസ്ഥിതിഃ(അച്യുതനുണ്ണി, 2009: 100).

[2] ശബ്ദാർഥൗ സഹിതൗ വക്രകവിവ്യാപാരശാലിനി, ബന്ധേ വ്യവസ്ഥിതൗ കാവ്യം തദ്വിദാഹ്ലാദകാരിണി(അച്യുതനുണ്ണി, 2009: 61).

പ്രതിഫലിപ്പിക്കാൻ ഉതകുന്ന ഒരേ ഒരു ശബ്ദം മാത്രമേ ഉണ്ടാകുകയുള്ളൂ എന്നാണു പറയുന്നത്.[3] അതുമാത്രമാണ് കുന്തകപക്ഷത്തിൽ ശബ്ദം. ഒപ്പംതന്നെ, സഹൃദയരെ ആഹ്ലാദിപ്പിക്കാൻ പാകത്തിൽ സുന്ദരമായ അർഥം മാത്രമേ അർഥമായി കരുതാൻ സാധിക്കൂ എന്നും ഇതിലൂടെ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യം വ്യക്തമാക്കിയതിനു ശേഷം വരുന്ന കാരികയിൽ അദ്ദേഹം പറയുന്നു; ശബ്ദാർഥങ്ങൾ രണ്ടും അലങ്കാര്യങ്ങളാണ് എന്നും അവയുടെ അലങ്കാരമാണ് വക്രോക്തിയെന്നും.[4] വൈദഗ്ധ്യഭംഗിയോടു കൂടിയ ഉക്തിയായിട്ടാണ് വക്രോക്തിയെ കുന്തകൻ അവതരിപ്പിക്കുന്നത്.

ശബ്ദാർഥങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സാഹിത്യത്തെക്കുറിച്ചുള്ള ഇന്ത്യൻ ചർച്ചകളെല്ലാം ഭാഷയിലേക്കാണ് ഒടുക്കം കേന്ദ്രീകരിക്കുന്നത് എന്നു കാണാം. കുന്തകന്റെ വക്രോക്തിസിദ്ധാന്തം അതിനു മികച്ച ഉദാഹരണമാണ്. സവിശേഷമായ ഭാഷാപ്രയോഗമാണ് സാഹിത്യത്തിന്റെ അടിസ്ഥാനം എന്ന കാര്യത്തിൽ ഇന്ത്യൻ ആലങ്കാരികന്മാർക്ക് അഭിപ്രായവ്യത്യാസമുള്ളതായി കാണാൻ കഴിയില്ല. ശബ്ദാർഥങ്ങളെ കാവ്യശരീരമായിട്ടാണ് കുന്തകൻ കാണുന്നത്. അതുകൊണ്ടാണ് വർണ്ണതലംമുതൽ പ്രബന്ധതലംവരെ വ്യാപിച്ചുകിടക്കുന്ന വക്രതയെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കുന്നത്. ആധുനികഭാഷാശാസ്ത്രപഠനങ്ങൾ വരമൊഴിയേക്കാൾ പ്രാധാന്യം വാമൊഴിക്കു നല്കുന്നതിനാൽ പലപ്പോഴും സാഹിത്യഭാഷയിലെ അർഥപഠനസാധ്യതകൾ കുറയുന്നതായിട്ടാണു കാണുന്നത്. എന്നാൽ ഉത്തരാധുനികഭാഷാശാസ്ത്രശാഖകൾ സാഹിത്യത്തിലെ ശബ്ദത്തെക്കുറിച്ചും അർഥത്തെക്കുറിച്ചും മറ്റു ഭാഷാനിയമങ്ങളെക്കുറിച്ചുമുള്ള ചർച്ചയ്ക്കുള്ള സാധ്യതകൾ തുറന്നിടുന്നു. സൂക്ഷ്മമായ ആലോചനയിൽ വക്രോക്തിയെ സഹൃദയരിൽ സാഹിത്യം ഉളവാക്കുന്ന ഫലവുമായി കുന്തകൻ ബന്ധിപ്പിച്ചിരിക്കുന്നതുകാണാം. വക്രോക്തിയിലെ അർഥവിനിമയത്തിന്റെ വിവിധതലങ്ങളെ ധൈഷണികസൗന്ദര്യശാസ്ത്രത്തിന്റെ പരികല്പനകളെ അടിസ്ഥാനമാക്കി പരിശോധിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

**ധൈഷണികാർഥവിചാരവും വക്രോക്തിസിദ്ധാന്തവും**

അർഥത്തിന്റെ സ്വഭാവവും അത് ധൈഷണികതയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നുമാണ് ധൈഷണികാർഥപഠനം ചർച്ചചെയ്യുന്നത്. ഇതിനെ ജ്ഞാനമാതൃകാർഥവിചാരം എന്നും വിളിക്കുന്നു. ജ്ഞാനമാതൃകാർഥവിചാരത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കല്പങ്ങൾ ചാൾസ് ഫിൽമോർ(1982) ആണ് അവതരിപ്പിക്കുന്നത്. ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കി അഥത്തെ വ്യാഖ്യാനിക്കുന്ന രീതിയാണിത്. ഓരോ പദവുമായും ബന്ധപ്പെട്ട് വലിയൊരു അറിവിന്റെ പശ്ചാത്തലം സ്ഥിതിചെയ്യുന്നുണ്ടാവും. അതിൽ പ്രാധാന്യം നല്കുന്ന ഘടകങ്ങൾക്കനുസരിച്ചായിരിക്കും അർഥഗ്രഹണം നടക്കുക. ഇത് ഇന്ദ്രിയാത്മകമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നേടിയെടുക്കുന്ന ഒന്നാണ്. എണ്ണമറ്റ കണ്ണികൾ ചേർന്നുള്ള ബിംബവ്യവസ്ഥ ജ്ഞാനമാതൃകയിൽ ഉണ്ടാവും. അതിൽ ഒരു കണ്ണിവ്യവസ്ഥ ഉപയോഗിച്ചാവും പ്രസ്തുതസന്ദർഭത്തിൽ അർഥത്തെ മനസ്സിലാക്കുന്നതും തുടർന്ന് മറ്റുള്ളവയുമായുള്ള ബന്ധം മനസ്സിലാക്കുന്നതും. ഉദാഹരണത്തിന് 'തിന്നുക' എന്ന പദം കേൾക്കുമ്പോൾ ഒരാൾക്ക് സ്വന്തം

[3] ശബ്ദോ വിവക്ഷിതാർഥൈകവാചകോഽന്യേഷു സത്സ്വപി, അർഥഃ സഹൃദയാഹ്ലാദകാരി സ്വസ്പന്ദസുന്ദരഃ(78).

[4] ഉഭാവേതാവലംകര്യൗ തയോഃ പുനരലംകൃതിഃ, വക്രോക്തിരേവ വൈദഗ്ധ്യഭംഗീഭണിതിരുച്യതേ(91).

അനുഭവപശ്ചാത്തലത്തിൽ നില്ക്കുന്ന ഏറ്റവും അടുത്ത ഒരു ബിംബവ്യവസ്ഥയാവും ആദ്യം ഓർമ്മയിലെത്തുക. പിന്നീട് മറ്റുള്ളവർ തിന്നുന്നതും പല ജീവജാലങ്ങൾ തിന്നുന്നതുമായ പല പല ബിംബവ്യവസ്ഥകൾ ഓർത്തെടുക്കാൻ കഴിയും. ഇവ ഓരോന്നും വ്യത്യസ്തമായിരിക്കും. ഇത്തരത്തിൽ ആ വാക്കുമായി ബന്ധപ്പെട്ട് അയാളുടെ ഉള്ളിലുള്ള ബിംബവ്യവസ്ഥകളെല്ലാം കൂടിച്ചേരുന്നതാണ് ആ വാക്കിനെക്കുറിച്ചുള്ള അയാളുടെ ജ്ഞാനമാതൃക. ഓരോരുത്തരും ഓരോന്നിനു പ്രാധാന്യം നല്കിക്കൊണ്ടാവും തങ്ങളുടെ ജ്ഞാനമാതൃക രൂപീകരിക്കുന്നത്. എങ്കിലും ഒരു സംസ്കാരത്തിനകത്തുനിന്നു പരിശോധിക്കുമ്പോൾ ഒരു പരിധിയിൽക്കവിഞ്ഞ് മാറാനുള്ള സാധ്യത കുറവാണ്. പല സന്ദർഭങ്ങളിലും സാർവലൗകികമായിട്ടുള്ള ജ്ഞാനമാതൃകയായിരിക്കും പലതിനും അടിസ്ഥാനം. കാരണം, മനുഷ്യരുടെ സമാനമായിട്ടുള്ള അവസ്ഥകളാവും അതിനു പിന്നിൽ പ്രവർത്തിക്കുന്നത്.

വക്രോക്തിസിദ്ധാന്തം എന്നു കേൾക്കുമ്പോൾത്തന്നെ ഇന്ത്യൻ കാവ്യമീമാംസ, കുന്തകൻ, സാധാരണയിൽ കവിഞ്ഞുള്ള ഭാഷാപ്രയോഗം, സാഹിത്യഭാഷ, വിവിധ വക്രതകൾ, *വക്രോക്തിജീവിതം* എന്നിങ്ങനെ നിരവധി ഘടകങ്ങൾ കൂടിച്ചേർന്നുള്ള ജ്ഞാനമാതൃകയിലാണ് അർഥം രൂപപ്പെടുന്നത്. വക്രോക്തിസിദ്ധാന്തത്തിലേക്കു കടന്ന് ഓരോ ഘടകങ്ങൾ പരിശോധിച്ചാലും ഇത്തരത്തിൽ പലതരം ബിംബവ്യവസ്ഥകൾ കൂടിച്ചേർന്നുള്ള ജ്ഞാനമാതൃകയുടെ അടിസ്ഥാനത്തിൽ ആശയത്തെ മനസ്സിലാക്കുന്നതു കാണാം.

ധൈഷണികാർഥപഠനത്തിൽ സങ്കല്പനത്തിലാണ് അർഥംകുടികൊള്ളുന്നത്. അതുകൊണ്ടുതന്നെ വക്താവിന്റെയും ശ്രോതാവിന്റെയും ധാരണ പ്രധാനമാണ്. സങ്കല്പനം മാറുന്നതനുസരിച്ച് അർഥം മാറുന്നു. ഇത് പ്രധാനമാണ്. അർഥസങ്കോചവും അർഥവികാസവുമൊക്കെ ഇതിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെടുന്നത്. അർഥം മസ്തിഷ്കത്തിലാണ് രൂപപ്പെടുന്നത് എന്നതുകൊണ്ടുതന്നെ മസ്തിഷ്കം നല്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് അർഥത്തെ സൃഷ്ടിക്കുന്നത്. ലോകത്തെ മസ്തിഷ്കം എങ്ങനെ മനസ്സിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് സംഭവിക്കുന്നത്. ഇത്തരം ധാരണകളുടെ അടിസ്ഥാനത്തിലാണ് വിവിധ വക്രതകളിൽ അർഥവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള ധൈഷണികവൃത്തികളാണ് കടന്നുവരുന്നതെന്നു പരിശോധിക്കുന്നത്. കുന്തകൻ അവതരിപ്പിക്കുന്ന പലതരം വക്രതകളുടെ വ്യാപ്തിയും ഒരു പ്രബന്ധത്തിന്റെ പരിമിതിയും പരിഗണിച്ചുകൊണ്ട് ഓരോവിഭാഗം വക്രതകളെയും ഓരോതരത്തിലുള്ള ധൈഷണികവൃത്തികളുമായിച്ചേർത്തു വിശകലനം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്.

**1. വസ്തുപശ്ചാത്തലബന്ധവും വർണ്ണവിന്യാസവക്രതയും**

ഏതൊരു കാര്യത്തെയും ഒരു പശ്ചാത്തലത്തിലൂടെയല്ലാതെ മനസ്സിലാക്കിയെടുക്കാൻ സാധ്യമല്ലെന്ന് ധൈഷണികശാസ്ത്രങ്ങൾ വ്യക്തമാക്കുന്നു. ഏതൊന്നിനെ ശ്രദ്ധിക്കുമ്പോഴും എന്തിനെ വർണിക്കുമ്പോഴും അതിൽ മുഴച്ചുനില്ക്കുന്ന വസ്തുവോ ആശയമോ കൂടുതൽ പ്രാധാന്യമുള്ളതാകുകയും ശേഷിക്കുന്നവ അതിന്റെ പശ്ചാത്തലമായിത്തീരുകയും ചെയ്യുന്നു. ഒരു സവിശേഷ സാഹചര്യത്തിൽ ഒരാളുടെ ശ്രദ്ധ ഏതൊന്നിലാണോ കേന്ദ്രീകരിച്ചിരിക്കുന്നത് അത് വസ്തുവും അതിനെ ചുറ്റിപ്പറ്റി നില്ക്കുന്നതും

അതുമായിബന്ധപ്പെട്ട മറ്റുള്ളവയും അതിന്റെ പശ്ചാത്തലവുമായി മാറുന്നു. ഒരു നിമിഷത്തിൽ വസ്തുവായി നില്ക്കുന്നത് ശ്രദ്ധയുടെ മാറ്റംകൊണ്ട് പശ്ചാത്തലമായി മാറുകയും മറ്റൊന്ന് വസ്തുവായിത്തീരുകയും ചെയ്യാം.

ഏതെങ്കിലും ഒന്നോ ഒന്നിലധികമോ വരുന്ന വർണ്ണങ്ങൾ ഇടവിട്ട് ആവർത്തിക്കുന്നതിലൂടെ ഭാഷയിലുണ്ടാകുന്ന ഭംഗിയെ കുറിക്കാനാണ് കുന്തകൻ വർണ്ണവിന്യാസവക്രതകൾ എന്നുപറയുന്നത്(അച്യുതനുണ്ണി, 2009: 105). സാഹിത്യം വായിക്കുമ്പോഴോ കേൾക്കുമ്പോഴോ ഇതു തിരിച്ചറിയുന്നത് സവിശേഷമായി ആവർത്തിച്ചുവരുന്ന വർണ്ണത്തെയോ വർണ്ണങ്ങളെയോ ശ്രദ്ധിക്കുമ്പോഴാണ്. അങ്ങനെ വരുമ്പോൾ പ്രസ്തുത വർണ്ണം/ വർണ്ണങ്ങൾ വസ്തുവും കൂടെയുള്ള മറ്റു വർണ്ണങ്ങൾ പശ്ചാത്തലവുമായി വരുന്നു. ഇത്തരത്തിൽ വസ്തുപശ്ചാതലബന്ധം എന്ന ധൈഷണികവൃത്തിയെ അടിസ്ഥാനമാക്കി മാത്രമേ വർണ്ണവിന്യാസവക്രതയെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം ഈയൊരു സവിശേഷതയ്ക്കു ശ്രദ്ധ കൊടുക്കാൻ കഴിയാത്തിടത്തോളം കാലം അങ്ങനെയൊരു വക്രതയ്ക്കു പ്രസക്തിയില്ല. വക്രതയെ തിരിച്ചറിയാതെ പോകുകയും ചെയ്യുന്നു. ഇങ്ങനെയൊരു വക്രത നിർമ്മിക്കുമ്പോൾ അതു വർണ്ണ്യവിഷയത്തോടു പൊരുത്തപ്പെടണം എന്നുകൂടി കുന്തകൻ പറയുന്നുണ്ട്. അപ്പോൾ വർണ്ണവിന്യാസവക്രതയുടെ പശ്ചാത്തലത്തിൽ വർണ്ണ്യവിഷയം കൂടി ഉള്ളപ്പോഴേ അതു പൂർണ്ണമാകുന്നുള്ളൂ എന്നുകാണാം. കുന്തകൻ നല്കുന്ന ഉദാഹരണങ്ങളിൽ ഇതു വ്യക്തവുമാണ്(അച്യുതനുണ്ണി, 2009: 105-6). വർണ്ണങ്ങളുടെ സൗന്ദര്യമെന്നാൽ വായനയിൽ(കാഴ്ച) മാത്രമല്ല, കേൾവിക്കുള്ള ഇമ്പം കൂടിയാണെന്നു കുന്തകൻ പറയുന്നുണ്ട്. അപ്പോൾ ഇത് ഒരേ സമയം കാഴ്ച, കേൾവി എന്നിങ്ങനെയുള്ള രണ്ട് ഇന്ദ്രിയാനുഭവവുമായി ബന്ധപ്പെടുന്ന ധൈഷണികവ്യാപാരമാണ്. വർണ്ണവിന്യാസവക്രത ഇന്നസ്ഥലത്ത് ഉണ്ടാവണം എന്നു കുന്തകൻ പറയുന്നില്ല. എന്നാൽ, വാക്യത്തിൽ എവിടെ വേണമെങ്കിലും ആകാമെന്നു പറയുന്നുണ്ട്(2009: 228). അപ്പോൾ വക്രതയെ വാക്യം എന്ന പശ്ചാത്തലത്തിലാണ് മനസ്സിലാക്കിയെടുക്കുന്നത്.

ഒരു കാര്യം മനസ്സിലാക്കുന്നത് അതുമായി ബന്ധപ്പെട്ടു നില്ക്കുന്ന മറ്റു പല ഘടകങ്ങളെക്കൂടി മുൻനിർത്തിയാണ് എന്നതുപോലെ ഏതെങ്കിലുമൊരു പശ്ചാത്തലമില്ലാതെ ഒന്നിനെയും മനസ്സിലാക്കാൻ കഴിയില്ല. അതിന്റെ കൂടി അടിസ്ഥാനത്തിലാണ് അർഥബോധം ഉണ്ടാകുന്നത്. ഒരു വസ്തുവിനെ തിരിച്ചറിയുന്ന മസ്തിഷ്കം വസ്തുവും അതു ബന്ധപ്പെട്ടു നില്ക്കുന്ന പശ്ചാത്തലവും ചേർന്നാണ് ബിംബവ്യവസ്ഥയെ രൂപപ്പെടുത്തുന്നത്. ഇത്തരത്തിൽ ഓരോ വക്രതകൾക്കും പലതരത്തിലുള്ള പശ്ചാത്തലങ്ങളാണുള്ളത്. ഊന്നൽ നല്കുന്ന വിഷയത്തിനനുസരിച്ചും അവയുടെ പ്രാധാന്യം മുൻനിർത്തിയും പശ്ചാത്തലം മാറുന്നു. ഇത്തരത്തിൽ വസ്തും പശ്ചാത്തലവും കൂടിച്ചേർന്നു സൃഷ്ടിക്കുന്ന ജ്ഞാനമാതൃകയിലാണ് അർഥത്തിലേക്ക് എത്തിച്ചേരുന്നത്. ഒരു ആശയം മനസ്സിലാക്കുന്നതിൽ അതുമായി ബന്ധമുള്ള ഭാഷകർ ആർജ്ജിച്ചിട്ടുള്ള എല്ലാ അറിവും പ്രധാനമാണ്. അറിവുകളുടെ ഈ സഞ്ചയമാണ് ജ്ഞാനമാതൃക. ഭാഷാപ്രയോഗങ്ങളിൽ പ്രകരണം എന്നതും പ്രധാനമാണ്. അർഥവിനിമയത്തിൽ ഇതും പശ്ചാത്തലമായി നില്ക്കുന്നു.

**2. വർഗ്ഗീകരണവും പദവിന്യാസവക്രതകളും**

അർഥവുമായി ബന്ധപ്പെടുന്ന ധൈഷണികവൃത്തികളിൽ പ്രധാനപ്പെട്ട ഒന്നാണ് വർഗ്ഗീകരണം. ഏതെങ്കിലും തരത്തിലുള്ള വർഗ്ഗീകരണത്തിലൂടെയല്ലാതെ കാര്യങ്ങളെ മനസ്സിലാക്കാൻ കഴിയില്ല. സമാനമായിട്ടുള്ള ഘടകങ്ങളെ ഒന്നായിട്ട് പരിഗണിച്ചുകൊണ്ട് അവയെ മറ്റുള്ളവയിൽനിന്ന് വേർതിരിച്ചു മനസ്സിലാക്കാനുള്ള ധൈഷണികസിദ്ധിയാണിത്. പല തരത്തിലുള്ള മനശ്ശാസ്ത്രഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് വർഗ്ഗീകരണം നടക്കുന്നത്. 'അടുപ്പം, സാദൃശ്യം, തുടർച്ച, താരതമ്യം എന്നിവ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന മനശ്ശാസ്ത്രഘടകങ്ങളാണെ'ന്ന് ഗിരീഷ്(2012: 30) നിരീക്ഷിക്കുന്നു. വക്രതകളെ കുന്തകൻ തരംതിരിക്കുന്നതും കൃത്യമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് എന്നുകാണാം. അത് വർണ്ണം, പദം, വാക്യം, പ്രകരണം, പ്രബന്ധം എന്നിങ്ങനെയുള്ള ഘടകങ്ങളെ മുൻനിർത്തി അഞ്ചുഗണങ്ങളായിട്ടാണ്. അതിൽത്തന്നെ ചില പ്രത്യേക സ്വഭാവസവിശേഷതകളുടെ അടിസ്ഥാനത്തിൽ പദം എന്ന ഗണത്തെ തുടർന്നും രണ്ടു വർഗ്ഗങ്ങളായി തിരിക്കുന്നു. അങ്ങനെയാണ് ആറുവിഭാഗം വക്രതകൾ ഉണ്ടാകുന്നത്. പദം എന്നതിൽ പൊതുവെ പ്രകൃതിയും പ്രത്യയവും ഉള്ളടങ്ങിയിട്ടുണ്ടാവും. അതായത് പദത്തിന്റെ പൂർവാർദ്ധം പ്രകൃതിയും ഉത്തരാർദ്ധം പ്രത്യയവുമാണ്. ഇത്തരത്തിൽ പ്രകൃതിയിലും പ്രത്യയത്തിലും വരേണ്ട വക്രതകളെയാണു കുന്തകൻ രണ്ടു വർഗ്ഗങ്ങളായി തിരിച്ച് അവയുടെ ഉൾപ്പിരിവുകൾ- പലതരം വക്രതകൾ- അവതരിപ്പിക്കുന്നത്. പദങ്ങളെ വർഗ്ഗീകരിക്കുന്നതിനു പിന്നിൽ സ്ഥലപരമായ ധാരണയാണ് കുന്തകൻ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പദത്തിന്റെ തുടക്കം, പദത്തിത്തിന്റെ അവസാനം എന്നിങ്ങനെയുള്ള രണ്ടു ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് രണ്ടു വർഗ്ഗങ്ങളായി അവയെ തിരിച്ചിട്ടുള്ളത്.

പ്രകൃതി, പ്രത്യയം എന്നിവയുടെ അടിസ്ഥാനത്തിലുള്ള പദങ്ങളുടെ പ്രാഥമികവർഗ്ഗീകരണത്തിനുശേഷം, ആദ്യവിഭാഗമായ പദപൂർവാർദ്ധവക്രതകളിൽ രണ്ടുതരത്തിൽ മറ്റൊരു വർഗ്ഗീകരണം നടത്തുന്നുണ്ട്. അത് നാമത്തിന്റെ പൂർവാർദ്ധങ്ങളെന്നും ക്രിയയുടെ പൂർവാർദ്ധങ്ങളെന്നുമാണ്. ഇവ യഥാക്രമം പ്രാതിപാദികമെന്നും ധാതു എന്നുമാണ് അറിയപ്പെടുന്നത്. ഇവിടെ പദവിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണ പ്രക്രിയയാണു നടക്കുന്നത്. തുടർന്ന് പലതരത്തിലുള്ള പദപൂർവാർദ്ധവക്രതകളും പ്രത്യയാശ്രയവക്രതകളും വ്യക്തമാക്കുന്നു. പ്രകൃതിയുടെയും പ്രത്യയത്തിന്റെയും സവിശേഷതകളെ ആധാരമാക്കിയാണ് കുന്തകൻ ഇവയെ നിർവചിച്ചിരിക്കുന്നതും വർഗ്ഗീകരിച്ചിരിക്കുന്നതും.

വർഗ്ഗീകരണവുമായി ബന്ധപ്പെട്ടു നില്ക്കുന്ന സങ്കല്പമാണ് ഉത്തമധൈഷണികമാതൃക എന്നത്. പദവക്രതകളുടെ വർഗ്ഗീകരണത്തിൽ ഉത്തമധൈഷണികമാതൃക ഉള്ളടങ്ങിയിരിക്കുന്നു. ഒരു വർഗ്ഗത്തിലെ എല്ലാ ഗുണങ്ങളും പേറുന്നതും കേന്ദ്രസ്ഥാനത്തിരിക്കുന്നതുമായ ഒരു മാതൃകയെയാണ് ഉത്തമധൈഷണികമാതൃക എന്നു വിളിക്കുന്നത്. അതായത് ഒരു ഗണത്തിൽ അംഗത്വം ലഭിക്കുന്നതിന് ചില സവിശേഷതകൾ ആവശ്യമാണ്. അതിൽ എല്ലാ സവിശേഷതകളും ഒത്തിണങ്ങി ഒരു വർഗ്ഗത്തിലെ ഏറ്റവും നല്ല മാതൃകാദൃഷ്ടാന്തമായി നില്ക്കുന്നതായിരിക്കും ഇത്. ഈയൊരു വർഗ്ഗമാതൃകയായിരിക്കും പ്രസ്തുത വർഗ്ഗത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളിൽ ഭൂരിപക്ഷം ആളുകളിലും ആദ്യം എത്തിച്ചേരുന്നത്.

പദവിന്യാസവക്രതകളിൽ പര്യായവക്രതയാണ് ഉത്തമമധ്യൈഷണികമാതൃകയായി നില്ക്കുന്നത്. 'പ്രസ്തുതമായ അർഥത്തെ ബോധിപ്പിക്കാൻ അനേകം പദങ്ങളുണ്ടെങ്കിലും ചില പ്രത്യേക പര്യായപദങ്ങളെ സന്ദർഭാനുഗുണമായി പ്രയോഗിക്കുന്നതിനെയാണ്'(അച്യുതനുണ്ണി, 2009: 108) കുന്തകൻ പര്യായവക്രത എന്നുവിളിക്കുന്നത്. ജ്ഞാനമാതൃകാർഥവിചാരം മുന്നോട്ടു വയ്ക്കുന്ന സങ്കല്പമനുസരിച്ചും പര്യായപദങ്ങൾ ഒരിക്കലും തുല്യപദങ്ങളായിരിക്കില്ല. ഒരാശയത്തെ കുറിക്കാൻ ഏതെങ്കിലുമൊരു പര്യായം ഉപയോഗിച്ചാൽ മതിയാവില്ല. ഇതുതന്നെയാണ് പര്യായവക്രതയെക്കുറിച്ച് കുന്തകനും പറയുന്നത്. ഇതിന്റെ പലതരത്തിലുള്ള വകഭേദങ്ങളെക്കുറിച്ചും കുന്തകൻ വ്യക്തമാക്കുന്നുണ്ട്. ഒരു പദവുമായി ബന്ധപ്പെട്ട നിരവധി അറിവുകളാവും ഒരർഥത്തിലേക്ക് എത്താൻ സഹായിക്കുക. ഓരോ പര്യായപദത്തിനു പിന്നിലും പലതരത്തിലുള്ള ബിംബവ്യവസ്ഥകളാവും ഉണ്ടാവുക. രസാസ്വാദനത്തിന് ഏറ്റവും അനുയോജ്യമാകുക ആ സന്ദർഭത്തിനിണങ്ങുന്ന ഒരൊറ്റ പദത്തെ കണ്ടെത്തി ആവിഷ്കരിക്കുക എന്നാണ്. ഇവയെ തരംതിരിച്ചിരിക്കുന്നത് ബിംബവ്യവസ്ഥയെ അടിസ്ഥാനമാക്കിയാണ്. ഓരോ പര്യായവക്രതയുടെ പിന്നിലും ഓരോ ബിംബവ്യവസ്ഥയാണു പ്രവർത്തിക്കുന്നത്. ശരിയായ പര്യായപദം ഉപയോഗിക്കുന്നതിലൂടെ സഹൃദയർ വളരെ എളുപ്പത്തിൽ അർഥത്തിലേക്ക് എത്തിച്ചേരുകയും രസം ആസ്വദിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പദവക്രതകളുടെ വർഗ്ഗീകരണത്തിലെ ഉത്തമമധ്യൈഷണികമാതൃകയായി പര്യായവക്രതകളെ കാണാം.

**3. സങ്കല്പനലക്ഷകവും വാക്യവക്രതകളും**

സാധാരണ ഭാഷാപ്രയോഗങ്ങളിൽനിന്നും ഭിന്നമായി ഭാഷയെ അസാധാരണമാക്കുകയും കാവ്യഭാവനകൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള ഏറ്റവും മികച്ച മാർഗങ്ങളിലൊന്നാണ് സങ്കല്പനലക്ഷകങ്ങളുടെ ഉപയോഗം. പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകന്മാർ വളരെമുമ്പുതന്നെ ഇത്തരം ആലോചനകളിലേക്കു കടന്നിട്ടുണ്ട് എന്നുകാണാം. മലയാളത്തിൽ 'രൂപകം', 'സാരൂപ്യകല്പന' എന്നിങ്ങനെയുള്ള ആശയങ്ങൾ ഉദാഹരണമാണ്. ഒന്നിനെ മറ്റൊന്നിന്റെ രൂപംകൊണ്ട് അടയാളപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. ഇതിൽനിന്നും ഭിന്നമായി ജോർജ് ലക്കോഫും മാർക്ക് ജോൺസണും(1980/2003) ചേർന്ന് സങ്കല്പനലക്ഷകം എന്ന സിദ്ധാന്തം അവതരിപ്പിക്കുന്നു. ഇവരുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ലക്ഷകത്തിന്റെ സ്ഥാനം വാക്കുകളിലല്ല എന്നും; മറിച്ച്, സങ്കല്പനങ്ങളിലാണ് എന്നും വ്യക്തമാകുന്നു(Lakoff and Johnson, 2003: 244). ഇത് കേവലം രൂപകങ്ങളിൽ കാണുന്ന തരത്തിൽ സമാനതയെ അടിസ്ഥാനമാക്കിയുള്ളതല്ല. മറിച്ച്, സാധാരണയായി നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വ്യത്യസ്ത ജ്ഞാനപശ്ചാത്തലത്തിൽ നില്ക്കുന്ന രണ്ട് വസ്തുക്കളെയോ ആശയങ്ങളെയോ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അതായത്, ലക്ഷകങ്ങളിൽ സ്രോതസ്ഥലം, ലക്ഷ്യതലം എന്നിങ്ങനെ വിളിക്കാവുന്ന രണ്ടു തലങ്ങളെ അടിസ്ഥാനമാക്കി, തമ്മിൽ ഇണക്കിച്ചേർക്കുകയാണു ചെയ്യുന്നത്. ഓരോ സാഹചര്യത്തിനനുസരിച്ചും നമ്മുടെയുള്ളിൽ നിലനില്ക്കുന്ന ആഴമേറിയ ആശയങ്ങൾ ഒന്നിലധികം ലക്ഷ്യതലങ്ങളുമായി ചേർത്ത് മനസ്സിലാക്കുകയും

വിനിമയം നടത്തുകയും ചെയ്യുന്നു. ഒരു സങ്കല്പനവ്യവസ്ഥയിൽ നിന്നുകൊണ്ട്, ഒരു തലത്തെ മറ്റൊരു തലവുമായി ബന്ധിപ്പിക്കുന്നു.

ഒരു വസ്തുവിനെയോ ആശയത്തെയോ അതിന്റേതായ രീതിയിൽ നേരിട്ടുമനസ്സിലാക്കുന്നത് സാധാരണമാണ്. ഇതിന്റെ പലതരത്തിലുള്ള സ്വാഭാവിക ആവിഷ്കാരങ്ങളും സാധ്യമാണ്. എന്നാൽ പുതിയ കാര്യങ്ങളെ ഭാഷയിൽ അവതരിപ്പിക്കുമ്പോൾ ഇത്തരം പരിചിതമായ ജ്ഞാനപരിസരത്തുനിന്നുള്ള ഏതെങ്കിലും തരത്തിലുള്ള അറിവുകളെ അടിസ്ഥാനമാക്കിയാവുമ്പോൾ അത് ലക്ഷകാത്മകമായി മാറുന്നു. അമൂർത്ത വസ്തുതകൾ ആവിഷ്കരിക്കുമ്പോഴും ഇത്തരത്തിൽ മൂർത്തമായ വസ്തുക്കളെക്കുറിച്ചു നേടിയിട്ടുള്ള അറിവിനെ പ്രയോജനപ്പെടുത്താറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് വാക്യവക്രതകളിലെ ലക്ഷകാത്മകചിന്തയെക്കുറിച്ച് വിശകലനം ചെയ്യുന്നു.

മൂന്നാമത്തെ ഉന്മേഷത്തിലാണ് കുന്തകൻ വാക്യവക്രതകളെക്കുറിച്ചു വ്യക്തമാക്കുന്നത്. വാക്യത്തിന്റെ "അവയവങ്ങളായ" പദങ്ങളെ ചർച്ചചെയ്തതിനു ശേഷമാണ് താൻ വാക്യവക്രതകൾ ചർച്ചചെയ്യുന്നതെന്ന് ആരംഭത്തിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട് (അച്യുതനുണ്ണി, 2009: 331). ഇതിലൂടെ വാക്യത്തെ, പദങ്ങളാകുന്ന നിരവധി അവയവങ്ങൾ കൂടിച്ചേർന്നു രൂപപ്പെടുന്ന ഒരു ശരീരമായി സങ്കല്പനം ചെയ്യുന്നു. വാക്യവക്രതകളെന്ന പേരിൽ കുന്തകൻ വ്യക്തമാക്കുന്നത് വാക്യത്തിൽ വരുന്ന അലങ്കാരങ്ങളും അതുണ്ടാക്കുന്ന സൗന്ദര്യവുമാണ്. ചുരുക്കത്തിൽ കാവ്യത്തെ ശരീരമായും ശരീരത്തിൽ അണിയേണ്ട ആഭരണങ്ങളായി അലങ്കാരങ്ങളെയും സങ്കല്പനം ചെയ്യുന്നു. അലങ്കാരങ്ങൾ അണിയുമ്പോഴാണ് ശരീരത്തിന് കൂടുതൽ ഭംഗി ലഭിക്കുന്നതെന്നും അതിനെ സ്ത്രീസൗന്ദര്യമായി ചേർത്തും ആമുഖഭാഗത്ത് കുന്തകൻ സൂചിപ്പിക്കുന്നുണ്ട്(333). ഭാഷയിൽ അലങ്കാരങ്ങൾ ഉപയോഗിക്കുമ്പോൾ സാധാരണമായ പ്രയോഗങ്ങൾക്കപ്പുറം സവിശേഷമായ ചാരുതയോടെ ലഭിക്കുന്നു. ഇതിലൂടെ വർണ്യവസ്തു യഥാർഥസ്ഥിതി മറഞ്ഞ് നവീനമായൊരു കാന്തിയുൾക്കൊണ്ട് മനം കവരുമാറ് സ്വകീയസൗഭാഗ്യംകൊണ്ടു പ്രകാശമാനമായവിധം പുതുതായി നിർമ്മിക്കപ്പെട്ടതുപോലെ തെളിഞ്ഞുവിളങ്ങുന്നു എന്നും കുന്തകൻ പറയുന്നു(342). ഈ വാക്യത്തിലുടനീളം വ്യക്തമാകുന്നത്, സാധാരണ പ്രയോഗങ്ങളെന്ന ഇരുട്ടിനെ നീക്കി പ്രകാശം പരത്തി തെളിഞ്ഞുനിന്നു ശോഭ പരത്തുന്ന ഒരു വിളക്കാണ് അലങ്കാരങ്ങൾ എന്നാണ്. ഈയൊരു സങ്കല്പനത്തിലൂടെ സാധാരണമായ വർണ്ണ്യവസ്തുവിനെ അസാധാരണമാക്കാൻ കഴിവുള്ള ഒന്നാണ് അലങ്കാരങ്ങൾ എന്നും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും വളരെയെളുപ്പം മനസ്സിലാക്കിത്തരാൻ കുന്തകനു കഴിയുന്നു. വക്രതകളുടെ കാര്യത്തിലുടനീളം കുന്തകനിൽ ഈ ആശയം പ്രവർത്തിക്കുന്നത് വ്യക്തമാണ്.

വാക്യവക്രതകളെക്കുറിച്ചു വ്യക്തമാക്കുന്ന കുന്തകൻ ആദ്യമായി പരിശോധിക്കുന്നത് രസവത് ആണ്. രസവത് തുടർന്നുവരുന്ന പ്രേയസ് എന്നിവയെ കുന്തകൻ കേവലം ഒരലങ്കാരമായി കണക്കാക്കുന്നില്ല. മറിച്ച് ഇവ എല്ലാ അലങ്കാരങ്ങളുടെയും സാരസർവ്വസ്വമായിരിക്കുന്നതാണ് എന്നു വിശദീകരിക്കുന്നു. അതായത് മറ്റു ലക്ഷകങ്ങളുടെ ഭാഗമായി നിന്നുകൊണ്ട് രസം ഉണ്ടാക്കുന്ന ഇവയെ എല്ലാ അലങ്കാരങ്ങളുടെയും ജീവചൈതന്യമായിട്ടാണ് സങ്കല്പനം ചെയ്യുന്നത്(419-25). ഇവിടെ ഉപയോഗിക്കുന്ന ലക്ഷകത്തിൽ സ്രോതസ്ഥലമായി ശരീരവും ലക്ഷ്യതലത്തിൽ മറ്റ് അലങ്കാരങ്ങളും വരുന്നു.

അതായത് കാവ്യമാകുന്ന ശരീരത്തിലെ ജീവനാണ് അലങ്കാരങ്ങൾ എന്നു വ്യക്തമാക്കുന്നു. ഇത് മനുഷ്യലക്ഷകമാണ്. ഇതിൽത്തന്നെ മറ്റൊരിടത്ത് രസവത്തിനെക്കുറിച്ചു പറയുമ്പോൾ, ഉണക്കവിറകും കൽച്ചുമരും പോലുള്ള ഭംഗികുറഞ്ഞ വസ്തുക്കൾക്കുപോലും അലങ്കാരങ്ങളുടെ അസാധാരണമായ തിളക്കം നല്കുന്നു എന്നും പറയുന്നു(427). ഇവിടെ അലങ്കാരങ്ങളെ തിളങ്ങുന്ന ഒരു വസ്തുവായും അതിന്റെ തിളക്കത്തിന്റെ മാറ്റുകൂട്ടുന്ന ഘടകമായി രസവത്തിനെയും സങ്കല്പനം ചെയ്തിരിക്കുന്നു. സോതസ്ഥലത്തിൽ വരുന്ന ബിംബശൃംഖലകളുടെ അടിസ്ഥാനത്തിലാണ് ലക്ഷ്യതലത്തിൽ വിനിമയം നടക്കുന്നത്. ബിംബശൃംഖലകൾ മാറുന്നതിനനുസരിച്ച് അർഥതലങ്ങളും മാറുന്നു.

തുടർന്ന് ദീപകം എന്ന അലങ്കാരമാണ് *വക്രോക്തിജീവിത*ത്തിൽ ചർച്ചചെയ്യുന്നത്. പ്രകാശിപ്പിക്കുന്നത് എന്ന അർഥത്തിലാണ് ഈ പേര് കുന്തകൻ സ്വീകരിച്ചിട്ടുള്ളത്. നിർവ്വചനത്തിലും ഈ വക്രതയെ ഒരു ദീപമായിട്ടാണ് സങ്കല്പനം ചെയ്തിരിക്കുന്നത്. ഔചിത്യമാവഹിക്കുന്നതും അമ്ലാനവും സഹൃദയർക്ക് ആഹ്ലാദകാരണവും അശക്തവുമായ വർണ്ണ്യവിഷയങ്ങളുടെ ധർമ്മത്തെ ദീപിപ്പിക്കുന്ന വസ്തുവാണ് ദീപകം എന്നാണ് നിർവചനത്തിലൂടെ വ്യക്തമാക്കുന്നത്(433). ഇതിൽ വർണ്ണ്യവിഷയങ്ങളുടെ നേരിട്ടു പ്രകടമല്ലാത്ത ധർമ്മത്തെ അല്ലെങ്കിൽ സവിശേഷസ്വഭാവത്തെ ദീപിപ്പിക്കുന്നതാണ് ഈ വക്രത എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ വർണ്ണ്യവിഷയത്തെ ഒരു വിളക്കായും അതിൽ കത്തുന്ന തിരിയായി, ധർമ്മത്തെയോ സ്വഭാവത്തെയോ സങ്കല്പനം ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇതിനെ ദീപലക്ഷകമെന്നു വിളിക്കാം.

ദീപകാലങ്കാരത്തെ നിരൂപിച്ചതിനുശേഷം സാമ്യമൂലകമായ രൂപകത്തെയാണ് കുന്തൻ വ്യക്തമാക്കുന്നത്. രൂപകത്തെ കുന്തകൻ നിർവചിക്കുന്നത്, “ഉപചാരമൊന്നുമാത്രം ജീവചൈതന്യമായി, വർണ്ണ്യവിഷയത്തിന്റെ സൗന്ദര്യാതിശയത്തിനു കാരണമായ സാമ്യമുൾക്കൊണ്ട്, സ്വന്തം രൂപം അർപ്പിക്കുന്ന വസ്തു അല്ലെങ്കിൽ ആശയം ഏതോ അത് രൂപകം”(443) എന്നാണ്. രൂപകത്തിൽ സാമ്യത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിനെ സൂചിപ്പിക്കാൻ മറ്റൊന്നിനെ ഉപയോഗിക്കുകയാണു ചെയ്യുന്നത്. ഇവിടെയാണ് ജോർജ് ലക്കോഫും മാർക്ക് ടർണറും(1989) അവതരിപ്പിക്കുന്ന ബിംബലക്ഷകങ്ങൾ പ്രധാനമാകുന്നത്.

**ബിംബലക്ഷകങ്ങൾ**

ജോർജ് ലക്കോഫും മാർക്ക് ടർണറും(1989) ചേർന്നാണ് സാഹിത്യത്തിലെ ലക്ഷകങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ബിംബലക്ഷകങ്ങളെ പരിചയപ്പെടുത്തുന്നത്. ‘ലക്ഷകങ്ങളിലൂടെ ലോകത്തെക്കുറിച്ചുള്ള നമ്മുടെ സാധാരണ ധാരണകളെ സ്വാഭാവികവും അബോധപരമായും അടയാളപ്പെടുത്തുന്നതിനു പുറമേ ആശയങ്ങളെ ബിംബങ്ങളുമായും ബന്ധിപ്പിച്ച് അടയാളപ്പെടുത്തുന്നതിനെക്കുറിച്ചാണ്’ ഇവർ പറയുന്നത്(Lakoff and Turner, 1989: 89). സാധാരണയുള്ള ഘടനാപരമായ ലക്ഷകങ്ങൾ പോലെതന്നെ സ്രോതസ്ഥലവും ലക്ഷ്യതലവും അടങ്ങുന്നതാണ് ബിംബലക്ഷകങ്ങൾ. എന്നാൽ ഇവിടെ പ്രവർത്തിക്കുന്ന തലങ്ങൾ മാനസികചിത്രങ്ങളാണ് എന്നതാണിതിന്റെ പ്രത്യേകത. പരമ്പരാഗതമായ ഒരു ബിംബത്തെ ചേർത്ത് പുതിയൊരു ബിംബത്തെ ആവിഷ്കരിക്കുന്നു. ഈ ബിംബങ്ങളുടെ ഘടന അംശ- സാകല്യബന്ധത്തോടു കൂടിയതും സ്വഭാവഘടനയെ

ഉൾക്കൊള്ളുന്നതുമായിരിക്കും. ബിംബങ്ങളിലെ അംശ- സാകല്യവ്യവസ്ഥ എന്നത് ഒരു വീടിനെ സൂചിപ്പിക്കാൻ മേല്ക്കൂരയോ ഒരു ശവപ്പറമ്പിനെ പ്രതിനിധീകരിച്ച് ഒരു ശവകുടീരമോ കാണിക്കുന്നതു പോലെയാണ്. "സ്വഭാവഘടനയിലാകട്ടെ, നിറം, കാഴ്ചയുടെ തീവ്രത, ഭൗതികമായ ആകാരം/ രൂപം, വക്രീകരണം, മൊത്തത്തിലുള്ള രൂപത്തിന്റെ ഭാഗങ്ങൾ, ഭാഗികമായത്- പൂർണമായത്, തുടർച്ചയുള്ളത്- നിശ്ചലമായത്, അവസാനത്തേത്- നീട്ടിവെയ്ക്കുന്നത് എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഉൾക്കൊള്ളുന്നു. നമ്മുടെ ധൈഷണിക ബിംബങ്ങൾക്കുള്ളിലുള്ള ഇത്തരം ഘടനകളുടെ നിലനില്പാണ് ഒരു ബിംബത്തെ അവയുടെ പൊതുഘടനയുടെ സ്വഭാവംകൊണ്ട് മറ്റൊന്നുമായി അടയാളപ്പെടുത്താൻ സഹായിക്കുന്നത്"(Lakoff and Turner, 1989: 90).

ഒരു ബിംബത്തിന്റെ അംശ- സാകല്യവ്യവസ്ഥയുടെ പൂർണമായ ഘടനയെ മറ്റൊരു ബിംബത്തിന്റെ അംശ- സാകല്യവ്യവസ്ഥയിലേക്ക് അടയാളപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. ഭൗതികമായിട്ടുള്ള ഒന്നിന്റെ അംശ- സാകല്യ ബന്ധത്തിനേക്കാൾ കൂടുതൽ ശക്തമായി ബിംബങ്ങളിലൂടെ അടയാളപ്പെടുത്താൻ കഴിയുന്നു. ദൃശ്യപരതയ്ക്കാണ് ബിംബലക്ഷകങ്ങളിൽ പ്രാധാന്യം എന്നുകാണാം. ഒന്നിനെ മറ്റൊന്നുമായി ദൃശ്യപരമായി അടയാളപ്പെടുത്തുന്നു. പക്ഷേ അതിനുള്ളിൽ, ഈ ബിംബങ്ങൾ തമ്മിൽ ആന്തരികമായ ഗുണങ്ങളുടെ അടിസ്ഥാനം നിലനിർത്തുന്നു. ഉപാദാനലക്ഷണയുടേതുപോലെ അംശ- സാകല്യബന്ധം കാണിക്കുന്ന ബിംബലക്ഷകങ്ങൾക്ക് ഉപമയുൾപ്പെടെയുള്ള അലങ്കാരങ്ങൾ ഉദാഹരണമായിക്കാണാം. കാരണം, ആന്തരികമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ യാഥാസ്ഥിതികമായ ഒരു ബിംബത്തെ യാഥാസ്ഥിതികമോ, പുതിയതോ ആയ മറ്റൊരു ബിംബത്തോടു ബന്ധിപ്പിച്ചവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം അടയാളപ്പെടുത്തലുകളിലൂടെ ഒരു ബിംബത്തെ മറ്റൊരു ബിംബവുമായി ചേർത്ത് ആവിഷ്കരിക്കുമ്പോൾ ആദ്യത്തെ ബിംബത്തെക്കുറിച്ചുള്ള അറിവിനെ രണ്ടാമത്തേതിനെ അടയാളപ്പെടുത്താൻ സഹായിക്കുന്നു. പരമ്പരാഗതമായിട്ടുള്ള ഒരു ബിംബം ഉപയോഗിച്ചുകൊണ്ട് ലക്ഷ്യതലത്തിൽ ഒരു ബിംബത്തെ സൃഷ്ടിക്കുന്നതുപോലെ, ഒരു പുതിയ ലക്ഷ്യബിംബത്തിനുവേണ്ടി സ്രോതസ്ഥലത്തിലും ബിംബങ്ങളെ സൃഷ്ടിക്കാമെന്ന് ലക്കോഫും ടർണറും(1989: 94) സൂചിപ്പിക്കുന്നുണ്ട്. സ്രോതസ്ഥല, ലക്ഷ്യതല ബിംബങ്ങളെക്കുറിച്ചുള്ള അറിവുകളുടെ അടിസ്ഥാനത്തിൽ ബിംബലക്ഷകം രൂപപ്പെടുത്തിയെടുക്കുന്നു.

കുന്തകൻ നല്കുന്ന രൂപകാലങ്കാരത്തിന്റെ നിർവചനത്തിലും ഇതിനു സമാനമായ അടയാളപ്പെടുത്തലാണ് നടക്കുന്നത്. വർണ്ണിക്കേണ്ട ബിംബത്തെ അതിന്റെ സാമ്യത്തിന്റെയടിസ്ഥാനത്തിൽ മറ്റൊരു ബിംബവുമായിച്ചേർത്ത് സങ്കല്പനം ചെയ്യുന്നു. ഇതിന് ഉദാഹരണങ്ങളിലൊന്നായി കുന്തകൻ നല്കുന്നത് 'മുഖം ഇന്ദു'(444) എന്ന രൂപകാലങ്കാരമാണ്. ഇവിടെ ഇന്ദു എന്ന പരമ്പരാഗതമായ ഒരു ബിംബം ഉപയോഗിച്ചുകൊണ്ട് വർണ്ണിക്കേണ്ട വസ്തുവിനെ പുതിയൊരു ബിംബമായി മാറ്റുന്നതിലൂടെ രൂപകാലങ്കാരം ഉണ്ടാകുന്നു എന്നതിനോടൊപ്പം ബിംബലക്ഷകമുപയോഗിച്ച് സങ്കല്പനവും ചെയ്യുന്നു. അംശ- സാകല്യബന്ധം വ്യക്തമാകുന്ന തരത്തിൽ ഉപാദാനലക്ഷണയും ഈ ലക്ഷകത്തിൽ കടന്നുവരുന്നു. രൂപകാലങ്കാരത്തെ നിർവ്വചിച്ചതിനുശേഷം അതുമായി സദൃശമായ സാമ്യമുള്ളടങ്ങിയത് എന്നനിലയിൽ അപ്രസ്തുതപ്രശംസയാണ് കുന്തകൻ നിർവചിക്കുന്നത്(454). ഈ രണ്ട് അലങ്കാരങ്ങളിലും ആരോപവിഷയമായ പ്രസ്തുതവും ആരോപ്യമാണമായ അപ്രസ്തുതവും തമ്മിലുള്ള

സാമ്യം വാച്യമല്ല, പ്രതീയമാനമാണ് എന്നുകാണാം. അതുകൊണ്ടുതന്നെ ഇവരണ്ടിലും പ്രവർത്തിക്കുന്നത് ഒരേ സങ്കല്പനപ്രക്രിയയാണ്. അപ്രസ്തുതപ്രശംസയെ കുന്തകൻ നിർവചിക്കുന്നത്, "എവിടെ പദാർത്ഥമോ വാക്യാർത്ഥമോ അപ്രസ്തുതമെങ്കിലും, സാദൃശ്യത്തെയോ വേറെ ഏതെങ്കിലും സംബന്ധത്തെയോ ആശ്രയിച്ച് പ്രസ്തുതത്തിന്റെ വിച്ഛിത്തിയെ അവതരിപ്പിച്ചുകൊണ്ട് വർണ്ണ്യവിഷയമായിത്തീരുന്ന"(454) അലങ്കാരമാണ് എന്നാണ്. മുമ്പ് സൂചിപ്പിക്കുന്ന ഉദാഹരണ പ്രകാരം പറഞ്ഞാൽ മുഖത്തിനെയും ചന്ദ്രനെയും വർണിക്കുന്നു. മുഖസൗന്ദര്യം വ്യക്തമാക്കിയതിനുശേഷം അതുമായി ബന്ധിപ്പിച്ച് സാദൃശ്യത്തെ അടിസ്ഥാനമാക്കി കൂടുതൽ അർഥവ്യാപ്തിയ്ക്കായി ഇന്ദുവിനെക്കുറിച്ചും വ്യക്തമാക്കുന്നു. ഇതിലും ഒരു ബിംബം ഉപയോഗിച്ചുകൊണ്ട് മറ്റൊരു ബിംബത്തെ കൂടുതൽ വ്യക്തമാക്കിത്തരാനാണ് ശ്രമിക്കുന്നത്. ഇതിൽ നടക്കുന്ന ലക്ഷകാത്മകചിന്തയും ബിംബലക്ഷകത്തിന്റേതാണ്. വിവക്ഷിതാർഥം നേരിട്ടു പറയാതെ മറ്റൊരു രീതിയിലവതരിപ്പിക്കുന്ന പര്യായോക്തം എന്ന അലങ്കാരവും അപ്രസ്തുതപ്രശംസയ്ക്കു സമാനമാണെന്ന് തുടർന്ന് കുന്തകൻ സൂചിപ്പിക്കുന്നു(461). ഒരു വാക്യംകൊണ്ടു പറയേണ്ടകാര്യം ചമൽക്കാരമുളവാക്കുവാൻവേണ്ടി മറ്റൊന്നുകൊണ്ടു പ്രകാശിപ്പിക്കുന്നതും പരസ്പരം ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതും ജ്ഞാനപരവും സത്താപരവുമായ സാദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെയാണ്.

സങ്കല്പനംകൊണ്ടുള്ള അനുമാനത്താലോ സാദൃശ്യത്താലോ ചിലപ്പോൾ ഈ രണ്ടു കാരണങ്ങളാലോ വർണ്ണ്യവസ്തുവിന് അത്യന്തമുൽകർഷം പ്രതിപാദിക്കുന്നതിനായി മറ്റൊരു വസ്തുവായി കല്പിക്കുന്നതാണ് ഉൽപ്രേക്ഷയായിട്ട് കുന്തകൻ വിശദമാക്കുന്നത്(466). ഇവിടെ രണ്ടു വസ്തുക്കളെയും ഒരുപോലെയുള്ള ധർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് ബന്ധിപ്പിക്കുന്നത്. ഈ സാദൃശ്യത്തെ രണ്ടായി തിരിച്ചുകൊണ്ടാണ് കുന്തകൻ ഉപമയെയും ഉൽപ്രേക്ഷയെയും വേർതിരിക്കുന്നത് എന്നത് പ്രധാനമാണ്. വാസ്തവവും കാല്പനികം അല്ലെങ്കിൽ സാങ്കല്പികമായ സാദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടു വസ്തുക്കളെ പരസ്പരം സങ്കല്പനം ചെയ്തു മനസ്സിലാക്കാം എന്നാണ് തരംതിരിക്കുന്നത്(467). കാല്പനികമായ സാദൃശ്യം ഉൽപ്രേക്ഷയ്ക്ക് അടിസ്ഥാനമായിട്ടും, വാസ്തവം ഉപമയുടെ അടിസ്ഥാനമായിട്ടും കാണുന്നു. ഇവ രണ്ടിലും, അത് വാസ്തവമായാലും സാദൃശ്യമായാലും ബിംബലക്ഷകമാണുള്ളത് എന്നു വ്യക്തമാണ്. ഇവയ്ക്കു രണ്ടിനുമായി കുന്തകൻ നല്കുന്ന ഉദാഹരണങ്ങളിലെല്ലാം 'പോലെ', 'അതുപോലെ', 'അതുതന്നെ' തുടങ്ങിയ പദങ്ങളുപയോഗിച്ചുകൊണ്ട് പരമ്പരാഗതമായ ഒരു ബിംബത്തെയോ അല്ലെങ്കിൽ പ്രസിദ്ധമായ ഒരു ബിംബത്തെ ഉപയോഗിച്ചുകൊണ്ട് വർണ്ണ്യവസ്തുവിനെ സൃഷ്ടിക്കുന്നു(469- 76). അന്വയം എന്നതിനെയും കുന്തകൻ ഉപമയിലാണ് പെടുത്തിയിട്ടുള്ളത്. ഒരു വസ്തു മറ്റൊന്നിനോടും സാദൃശ്യമില്ലാത്തതാണെന്ന അർഥമുദ്ദേശിച്ച്, അതിനെത്തന്നെ ഉപമാനമായും ഉപമേയമായും കല്പിക്കുന്നതാണ് അനന്വയം. ഉദാഹരണത്തിന് ഇന്ദുമുഖി എന്ന പ്രയോഗം. ഇവിടെ ഇന്ദുവിനെപ്പോലെ മുഖമുള്ളവൾ എന്ന അർഥത്തിലാണ് പ്രയോഗം നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇതിലും ബിംബലക്ഷകമാണ് പ്രവർത്തിക്കുന്നത്.

തുടർന്ന് അതിശയോക്തിയെ കുന്തകൻ വ്യക്തമാക്കുന്നത് എല്ലാ അലങ്കാരങ്ങളുടെയും ജീവചൈതന്യമായിട്ടാണ്. വർണ്ണ്യവസ്തുവിന്റെ ധർമ്മങ്ങൾക്ക് ഭംഗി ലഭിക്കത്തക്കവിധത്തിൽ സാമാന്യഭാഷാരീതിയിൽനിന്നും സവിശേഷമായി ഉപയോഗിക്കലാണ് അതിശയോക്തിയായി കുന്തകൻ കരുതുന്നത്(477). ഇങ്ങനെ തിളങ്ങുന്ന രസം, വസ്തുസ്വഭാവം, അലങ്കാരം എന്നിവ മൂന്നും കാവ്യത്തിലെ

വക്രതയെ വളർത്തുന്ന എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു(478). ഇവിടെ സങ്കല്പനലക്ഷകത്താൽ അലങ്കാരത്തെ ഒരു ജീവിതമായും, അതിന്റെ ചൈതന്യമായി നില്ക്കുന്ന ആത്മാവായി അതിശയോക്തിയെയും സങ്കല്പനം ചെയ്യുന്നു. തുടർന്ന് രസത്തെയും വസ്തുവിന്റെ സ്വഭാവത്തെയും അലങ്കാരത്തെയും തിളങ്ങുന്ന ഒരു വസ്തുവായി സങ്കല്പനം നടത്തുന്നുണ്ട്. ഇത് ശരീരത്തിലെ ആത്മാവായിട്ടു തന്നെയാണ് തിളങ്ങുന്നത്. മുമ്പ് സൂചിപ്പിച്ച വക്രതയെന്ന ശരീരത്തെ വളർത്തുന്നതിൽ ഇതിനുള്ള പങ്കിനെക്കുറിച്ചാണ് കുന്തകൻ ഈ വക്രതാഭേദത്തിലൂടെ സങ്കല്പനം ചെയ്തിരിക്കുന്നത് എന്നു കാണാം.

പിന്നീട് വ്യതിരേകം, ദൃഷ്ടാന്തം, അർഥാന്തരന്യാസം, സസന്ദേഹം, സംസൃഷ്ടി എന്നീ അലങ്കാരങ്ങളെ വ്യക്തമാക്കുമ്പോഴും കുന്തകൻ സങ്കല്പനലക്ഷകമുപയോഗിച്ചാണ് സങ്കല്പനം നടത്തുന്നത്. വ്യതിരേകത്തിൽ ഉപമയിലും രൂപകത്തിലും കണ്ടതുപോലെ പ്രസിദ്ധമായ ഒരു ബിംബത്തെയുപയോഗിച്ചുകൊണ്ട് വർണ്ണ്യവസ്തുവിനെ സങ്കല്പനം ചെയ്യുകയാണ്. ഇതിനു കുന്തകൻ നല്കുന്ന ഉദാഹരണം പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകും. “അവളുടെ കവിൾത്തടം കാണുമ്പോൾ ആളുകൾക്ക് ചന്ദ്രബിംബം പോലെ തോന്നാറുണ്ട്; പരമാർത്ഥമാലോചിച്ചാലോ ചന്ദ്രൻ പാവംപിടിച്ച ചന്ദ്രൻ മാത്രം"(538). ഇവിടെ സ്രോതസ്ഥലത്തിൽ ചന്ദ്രനും ലക്ഷ്യതലത്തിൽ മുഖവും വരുന്നു. ഇവ തമ്മിലുള്ള അടയാളപ്പെടുത്തലിലൂടെ ലക്ഷകാത്മകചിന്ത പൂർണ്ണമാകുന്നു. ദൃഷ്ടാന്തത്തിന്റെ നിർവചനത്തിലാകട്ടെ, “വസ്തുക്കളുടെ സാമ്യത്തെ ആശ്രയിച്ച് ‘പോലെ’ തുടങ്ങിയവയില്ലാതെ വർണ്ണ്യത്തിൽനിന്നന്യമായ പദാർത്ഥത്തെ ഉപനിബന്ധിക്കുന്നതാണ്”(558) എന്ന് കൃത്യമായിട്ടു കുന്തകൻ പറയുന്നുണ്ട്. ലക്ഷകത്തിന്റെ സ്വഭാവം ഇതിൽ വളരെ വ്യക്തമാണ്. ഇതുപോലെതന്നെ മുഖ്യാർഥത്തോടുള്ള സാമ്യത്തെ മുൻനിർത്തി, അതിനെ വ്യക്തമാക്കുന്നതിനുവേണ്ടി മറ്റൊരു വാക്യാർഥം ഉപയോഗിക്കുന്നതാണ് അർഥാന്തരന്യാസം എന്നു പറയുന്നു(559). ഏതലങ്കാരത്തിലാണോ ഉൽപ്രേക്ഷികമായ സംഭാവനംകൊണ്ടുള്ള അനുമാനത്താലും സാമ്യകല്പനയാലും മറ്റൊരു രൂപമാരോപിക്കുകവഴി സങ്കല്പിക്കപ്പെട്ട വസ്തുവിന്റെ സ്വഭാവം, രൂപം സംശയാസ്പദമായിത്തീരുന്നു അത് സസന്ദേഹം എന്ന അലങ്കാരമാണെന്ന് പറയുന്നു(565). ഈ രണ്ട് അലങ്കാരങ്ങളിലും സ്രോതസ്ഥലത്തിൽ ഒന്നിനെ നിർത്തിക്കൊണ്ട് ലക്ഷ്യതലത്തിൽ വർണ്ണിക്കുന്ന വസ്തുവിനെ അല്ലെങ്കിൽ ആശയത്തെ സങ്കല്പനം ചെയ്യാൻ പ്രേരിപ്പിക്കുന്ന തരത്തിലാണ് എന്ന് നിർവ്വചനത്തിൽനിന്നുതന്നെ വ്യക്തമാകുന്നു. അലങ്കാരങ്ങളിൽ അവസാനമായി ലക്ഷകാത്മകമായി കുന്തകൻ അവതരിപ്പിക്കുന്ന അലങ്കാരം സംസൃഷ്ടിയാണ്. ഇതിന്റെ നിർവചനത്തിൽ, “എവിടെ അലങ്കാരങ്ങൾ പരസ്പരം കൂടിച്ചേർന്ന്, പദാർത്ഥങ്ങൾ വാക്യാർഥത്തിലെന്നപോലെ ശോഭിക്കുന്നുവോ, അത് സംസൃഷ്ടി”(571) ആണെന്നാണ് പറയുന്നത്. ഇതിൽ പദാർത്ഥങ്ങളെ സ്രോതസ്ഥലത്തിൽ നിർത്തിക്കൊണ്ട് വാക്യാർഥത്തെ ലക്ഷ്യതലത്തിൽ കൊണ്ടുവരുന്ന ലക്ഷകവും ‘ശോഭിക്കുന്നു’ എന്ന പ്രയോഗത്തിലൂടെ കൊണ്ടുവരുന്ന ലക്ഷകാത്മകചിന്തയും കാണാം. വാക്യവക്രതകളുടെ ഭാഗമായി കുന്തകൻ അവതരിപ്പിക്കുന്ന ഇത്രയും അലങ്കാരങ്ങളെയാണ് സങ്കല്പനലക്ഷകങ്ങൾ ഉപയോഗിച്ചുകൊണ്ട് വ്യക്തമാക്കിത്തരുന്നത്. ഇവയെ മനസ്സിലാക്കുന്നതിനും സാഹിത്യത്തിൽ ആവിഷ്കരിക്കുന്നതും അതാതു ലക്ഷകത്തിന്റെ ബിംബശൃംഖലകൾ ഉപയോഗിച്ചുകൊണ്ടല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല.

**4. ഉപാദാനലക്ഷണയും പ്രകരണവക്രതയും**

മെറ്റോണമി എന്നതിനു തുല്യമായിട്ടാണ് ഉപാദാനലക്ഷണ എന്ന പദം ഉപയോഗിക്കുന്നത്. വാച്യാർഥത്തിനു പുറമേ മറ്റൊരു ആശയത്തെക്കൂടി സൂചിപ്പിക്കുന്നതാണ് ഉപാദാനലക്ഷണ. ലക്കോഫും ജോൺസണും(1999) ചേർന്നാണ് ഈ ആശയം അവതരിപ്പിക്കുന്നത്. സങ്കല്പനലക്ഷകങ്ങളിൽനിന്നും ഇത് ഭിന്നമാകുന്നതിനെക്കുറിച്ച്; "ലക്ഷകവും ഉപാദാനലക്ഷണയും വ്യത്യസ്തങ്ങളായ പ്രക്രിയകളാണ്. പ്രധാനമായും ഒരു കാര്യം മറ്റൊന്നിന്റെ അടിസ്ഥാനത്തിൽ സങ്കല്പിക്കാനുള്ള മാർഗമാണ് ലക്ഷകം. അതിന്റെ പ്രാഥമിക പ്രവർത്തനം മനസ്സിലാക്കലാണ്. എന്നാൽ, ഉപാദാനലക്ഷണയ്ക്ക് പ്രാഥമികമായി സൂചകധർമ്മമാണുള്ളത്. അതുമാത്രമല്ല, മനസ്സിലാക്കി നൽകുന്ന പ്രവർത്തനധർമ്മവും ഇതിനുണ്ട്"(Lakoff and Johnson, 1999: 36) എന്നാണു പറയുന്നത്. ലക്ഷകങ്ങൾക്കുള്ളതുപോലെ സ്രോതസ്തലവും ലക്ഷ്യതലവും ഇതിലില്ല. ഇവിടെ വാച്യാർഥത്തിനാണ് പ്രാധാന്യം. അംശ- സാകല്യവ്യവസ്ഥയിലൂടെയാണ് ഉപാദാനലക്ഷണ പ്രധാനമായും ആശയത്തെ വിനിമയം ചെയ്യുന്നത്. അതായത്, മനുഷ്യരുടെ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടുവരുന്ന സങ്കല്പനവ്യവസ്ഥയിൽ പൂർണ്ണത്തിനു പകരം അംശം, അംശത്തിനു പകരം പൂർണ്ണം എന്ന നിലയിൽ മനസ്സിലാക്കുന്നു.

ഉദാഹരണത്തിന്, വക്രോക്തിയെ കാവ്യത്തിന്റെ വർണ്ണതലം മുതൽ പ്രബന്ധതലം വരെ വ്യാപിച്ചുകിടക്കുന്ന ഒന്നായിട്ടു കാണാനും, അതിന്റെയടിസ്ഥാനത്തിൽ വ്യക്തമാക്കുവാനുമാണ് കുന്തകൻ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി വരുന്ന ഓരോ ഘടകവും കാവ്യത്തിന്റെ അംശങ്ങളാണ്. അതായത്, പ്രബന്ധവക്രത എന്നു പറയുന്നതും കാവ്യത്തിൽ വരുന്ന വക്രതയാണ് വർണ്ണവിന്യാസവക്രത എന്നതും അതേ കാവ്യത്തിന്റെ ഭാഗവും അതിന്റെ വക്രതയുമാണ്. ഇവിടെ വർണ്ണതലം എന്ന അംശത്തിൽനിന്നും തുടങ്ങി പ്രബന്ധമാകുന്ന പൂർണ്ണത്തിലേക്കാണ് കുന്തകൻ നീങ്ങുന്നതെന്നുകണ്ടു. ഇതിനിടയിൽ ഓരോ ഘട്ടത്തിലും ഓരോ വക്രതയെക്കുറിച്ചു പറയുമ്പോഴും കാവ്യം എന്ന പൂർണ്ണത്തിനെയാണ് ലക്ഷ്യതലത്തിൽ കൊണ്ടുവരുന്നത്. അതായത് വിവിധ വക്രതകളാകുന്ന അംശങ്ങൾക്കൊണ്ട് കാവ്യം എന്ന പൂർണ്ണത്തിനെ സങ്കല്പനം ചെയ്യുന്നു. ഇതിനെയാണ് പ്രധാനമായും ആറ് എണ്ണമായി തിരിച്ച് കുന്തകൻ വിവരിക്കുന്നത്. ഈ വിഭജനത്തിലും നിരവധി ഉൾപ്പിരിവുകളും അവയുടെ വകഭേദങ്ങളുമൊക്കെ വരുന്നുണ്ട്. അപ്പോൾ തരംതിരിക്കുന്ന ആറ് എണ്ണത്തിൽ ഓരോന്നിനെയും ഓരോ സൂചകമായിട്ടാണ് കുന്തകൻ സങ്കല്പനം ചെയ്യുന്നത്. ഓരോ പേരും കേൾക്കുമ്പോൾ അല്ലെങ്കിൽ മനസ്സിലാക്കുമ്പോൾ, മസ്തിഷ്കം അതാതു തരംതിരിവിനടിസ്ഥാനമായിട്ടുള്ള പ്രത്യേകതകളെ തിരിച്ചറിയുകയും അങ്ങനെ അതിനു കീഴിൽ വരുന്ന എല്ലാത്തിനെയും ഒരുമിപ്പിച്ച് ഒരൊറ്റ പൂർണ്ണമായി ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇങ്ങനെ *വക്രോക്തിജീവിത*ത്തിന്റെ ഓരോ ഉന്മേഷത്തിലും ഓരോ തരംതിരിവിലും ഓരോ വക്രതയിലും അംശം കൊണ്ടു പൂർണ്ണത്തെക്കുറിക്കുന്ന ഉപാദാനലക്ഷണയുടെ സ്വഭാവം കണ്ടെത്താം.

വാക്യവക്രതകൾക്കുശേഷം പ്രകരണവക്രതകൾ വ്യക്തമാക്കുന്ന കുന്തകൻ പ്രകരണത്തെ കാവ്യത്തിന്റെ ഒരു ഭാഗമായിട്ടാണ് കാണുന്നത്. ഇത്തരത്തിലുള്ള പല അംശങ്ങൾ ചേർന്നാണ് പൂർണ്ണമായിട്ടുള്ള കാവ്യം ഉണ്ടാകുന്നത്. പ്രകരണങ്ങളിലെ വക്രത എന്നത് കാവ്യത്തിന്റെതന്നെ വക്രതയാണ്. പ്രബന്ധവക്രതയിലാകട്ടെ, മൂലകൃതിയിലെ ഇതിവൃത്തത്തിന്റെ ഒരംശം കൊണ്ട്

രമണീയമായി ഒരു കൃതി എഴുതി പൂർത്തിയാക്കുന്നതിനെ ഒരു വക്രതയായി കുന്തകൻ കല്പിക്കുന്നുണ്ട്(654). മൂലകൃതിയിൽനിന്നും ഒരു അംശം സ്വീകരിച്ചുകൊണ്ട് പൂർണ്ണമായ കാവ്യത്തിന്റെ ഭംഗിയോ അതിനു സമാനമായ രീതിയിലുള്ള അനുഭൂതിയോ സൃഷ്ടിക്കുക എന്നാണ് ഇതിലൂടെ അർഥമാക്കുന്നത്. ഉപാദാനലക്ഷണയുടെ തന്നെ അംശ- സാകല്യബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെയും സങ്കല്പനം ചെയ്തിരിക്കുന്നത്. മറ്റൊരുതരം പ്രബന്ധവക്രതയായി കുന്തകൻ കാണുന്നത്, കാവ്യത്തിന്റെ ഇതിവൃത്തത്തിലൂടെ മാത്രമല്ല, കഥാഘടനയുടെ മർമ്മപ്രധാനമായ ഒരംശത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള പേരാണ് കാവ്യത്തിനു നല്കുന്നതെങ്കിലും അതിലും അസാധാരണമായ വക്രതയുണ്ടാവും എന്നാണ്(663). ഇവിടെ ഒരു പേരുകൊണ്ട് കാവ്യത്തെ സങ്കല്പനം ചെയ്യുന്നു. കാവ്യത്തിന്റെ പേര് എന്ന അംശം ഉപയോഗിച്ചുകൊണ്ട് കൃതിയാകുന്ന പൂർണ്ണത്തിനെ കുറിക്കുന്ന ഉപാദാനലക്ഷണയാണ് ഇതിലുള്ളത്. ഒരേ ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് വ്യത്യസ്ത എഴുത്തുകാർ രചിക്കുന്ന വ്യത്യസ്ത രചനകളെയും ഒരു അംശത്തിൽനിന്നും വിശാലമായ സാകല്യത്തിലേക്കുള്ള ധൈഷണികപ്രക്രിയയുടെ ഭാഗമായി മനസ്സിലാക്കാൻ സാധിക്കുന്നു(665). ഇത്തരത്തിൽ നിരവധി ഉപാദാനലക്ഷണകൾ വക്രോക്തിജീവിതത്തിൽ കടന്നുവരുമ്പോൾ അവയെല്ലാം പൊതുവായിട്ട് ഒരേ ഘടനയാണുള്ളതെന്നു കാണാം. അത് അംശം കൊണ്ട് സാകല്യത്തെക്കുറിക്കുന്നതാണ്. ഉപാദാനലക്ഷണയുടെ അടിസ്ഥാനസ്വഭാവം തന്നെ ഇതാണ്. ലക്ഷകങ്ങളെപ്പോലെതന്നെ ചിന്തയെ ആവിഷ്കരിക്കാനുപയോഗിക്കുന്ന ഉപാധികളിലൊന്നാണ് ഇത്. വക്രോക്തിസങ്കല്പം മുഴുവൻ ഉപാദാനലക്ഷണയാണ്. ചെറുതിൽനിന്നും വലുതിലേക്കുള്ള ധൈഷണികതയാണിവിടെ നടക്കുന്നത്. പ്രബന്ധവക്രതയിലേക്കു വരുന്നത് വർണ്ണവിന്യാസവക്രതയിൽ തുടങ്ങി പടിപടിയായി ഓരോ ഘടകത്തെയും പരിശോധിച്ചുകൊണ്ടാണ്. ഇത് ഉപാദാനലക്ഷണയുടെ സ്വഭാവമാണ്. അംശസാകല്യബന്ധം ഇതിൽ പ്രവർത്തിക്കുന്നുണ്ട്.

**അർഥവിതരണമാർഗ്ഗങ്ങളും വക്രോക്തീസങ്കല്പവും**

വക്രോക്തിയെന്ന സങ്കല്പത്തെ വ്യക്തമാക്കുന്നതിനുവേണ്ടി കുന്തകൻ സ്വീകരിച്ചിരിക്കുന്ന ഭാഷയിലെ അർഥവിതരണ മാർഗ്ഗങ്ങളെക്കുറിച്ചും അവയുടെ പിന്നിലെ ധൈഷണികതയെക്കുറിച്ചുമാണ് ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്നത്. ധൈഷണിക അർഥപഠനത്തിൽ വാക്കുകളുടെ വിനിമയക്ഷമത എന്നതു പ്രധാനമാണ്. ഒരേ പദത്തിനുതന്നെ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത അർഥങ്ങളുണ്ടാകുന്നു എന്നുകാണാം. അതുപോലെതന്നെ പല അർഥത്തെക്കുറിക്കാൻ ഒരേവാക്കും ഉപയോഗിക്കാൻ കഴിയും. ഇതിനുപിന്നിലെല്ലാം പലതരത്തിലുള്ള ധൈഷണികവ്യാപാരങ്ങളും ബിംബശൃംഖലകളും പ്രവർത്തിക്കുന്നു. ഇവിടെ സങ്കല്പനത്തെക്കുറിച്ചും സങ്കല്പനങ്ങളിലൂടെ ഒരറിവിനെക്കുറിച്ച് വ്യക്തി സൃഷ്ടിച്ചതും ഓർമ്മയിൽ സൂക്ഷിച്ചിരിക്കുന്നതുമായ ജ്ഞാനം വിശകലനം ചെയ്യേണ്ടിവരുന്നു. ഒരു ഭാഷയിൽ അല്ലെങ്കിൽ ഒരു സംസ്കാരത്തിൽ ഇത് ഏതെല്ലാം വിധത്തിൽ നടക്കുന്നു എന്നതിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണിതു സാധ്യമാകുന്നത്. അതിലെ വൈയക്തികഘടകങ്ങളെ അപ്പോഴും തള്ളിക്കളയാൻ കഴിയില്ല. ധൈഷണിക അർഥപഠനത്തിൽ പര്യായം, നാനാർഥം, ഏകാർഥം, ശ്ലേഷം എന്നിങ്ങനെ പലവിഭാഗങ്ങളെ വിശകലനം ചെയ്തുകൊണ്ടാണിതു പരിശോധിക്കുന്നത്. ഇത്തരത്തിലുള്ള

അർഥത്തിന്റെ വിനിമയമാർഗ്ഗങ്ങളുടെ ധൈഷണികസ്വഭാവത്തെ ജ്ഞാനമാതൃകയെ അടിസ്ഥാനമാക്കി വിശകലനവിധേയമാക്കുന്നു.

പദങ്ങൾ ചേർന്നാണ് വാക്യങ്ങൾ രൂപപ്പെടുന്നത്. ഓരോ പദത്തിനും കാലത്തിനും സന്ദർഭത്തിനും വക്താവിനും ശ്രോതാവിനുമനുസ്സരിച്ച് വ്യത്യസ്ത അർഥവും ഉണ്ടാവും. പദങ്ങളെത്തന്നെ ഉപസർഗം, ധാതു, പ്രത്യയങ്ങൾ എന്നിങ്ങനെ വീണ്ടും വിഭജിച്ച് വിശകലന വിധേയമാക്കാം. അപ്പോഴും ഓരോ ഘടകത്തിനും ചില അർഥവിശേഷങ്ങൾ ഉണ്ടായിരിക്കും. എന്നാൽ പദങ്ങൾ സ്വതന്ത്രമായി നില്ക്കുന്നതുപോലെ ഈ പദാംശങ്ങളായ ഘടകങ്ങൾക്ക് നില്ക്കാൻ കഴിയില്ല. ഇവയെ വീണ്ടും വിഭജിച്ച് വിശകലനം ചെയ്യുമ്പോൾ വർണ്ണങ്ങൾ ലഭിക്കുന്നു. അർഥാടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ വർണ്ണങ്ങൾക്കും പദങ്ങളെപ്പോലൊരു സ്വതന്ത്രമായ അസ്തിത്വമില്ല. പക്ഷേ ഇവയാണ് പദഘടകങ്ങൾക്കും പദങ്ങൾക്കും അടിസ്ഥാനമായി വർത്തിക്കുന്നത്. ഭാഷാപരമായി വിലയുള്ള ഇത്തരം ശബ്ദബിന്ദുക്കൾക്ക് പ്രതീകമായി ലിപി ഉണ്ടായിരിക്കുകയും വർണ്ണം എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. ആധുനിക- ഉത്തരാധുനിക ഭാഷാപഠനങ്ങൾ ഇതിനു പ്രാധാന്യം നല്കുന്നു. വക്രോക്തിസിദ്ധാന്തം ആരംഭിക്കുന്നതും സമാനമായ രീതിയിലാണ്. വർണ്ണങ്ങളിൽനിന്നാണ് കുന്തകൻ വക്രതകളെക്കുറിച്ച് ചിന്തിക്കുന്നത്. പദത്തിൽ വർണ്ണം മാറുമ്പോൾ അർഥം മാറുന്നത് വർണ്ണവിന്യാസവക്രതയിൽ കാണാം. എന്നാൽ കേവലം വർണ്ണത്തെ മാത്രം അടിസ്ഥാനമാക്കി ജ്ഞാനമാതൃകയെക്കുറിച്ചു ചർച്ചചെയ്യാൻ കഴിയില്ല. അത് പദതലത്തിൽനിന്നുകൊണ്ടാണ് നടത്തുന്നത്. അതുകൊണ്ടാണ് പര്യായം, നാനാർഥം, ഏകാർഥം, ശ്ലേഷം എന്നിങ്ങനെയുള്ള സവിശേഷതകളെ ആധാരമാക്കി വിശകലനം നടത്തുന്നത്.

**1. പര്യായവും സങ്കല്പനവും**

ഒന്നിലധികം പദങ്ങളുടെയോ ഭാഷാരൂപങ്ങളുടെയോ അർഥഘടകങ്ങൾ തുല്യമാകുന്നതാണ് പര്യായത്വം എന്നു പറയുന്നത്. അർഥസമതയായിട്ടാണ് ഇതിനെ മനസ്സിലാക്കുന്നത്. പല രൂപങ്ങൾക്ക് ഒരേ അർഥം വരുന്ന ഭാഷാസവിശേഷതയാണിത്. വക്രോക്തിസങ്കല്പത്തെ അവതരിപ്പിക്കാൻ കുന്തകൻ ഇത് ഉപയോഗിക്കുന്നു. സാഹിത്യത്തിലെ സവിശേഷമായ ഭാഷാപ്രയോഗങ്ങളെക്കുറിച്ചാണ് കുന്തകൻ ഇതിലൂടെ വ്യക്തമാക്കുന്നത് എന്നറിയാം. വിചിത്രമായ അഭിധയായ ഈ സങ്കല്പത്തെക്കുറിക്കാൻ ഒരേസമയം കുന്തകൻ 'വക്രോക്തി' എന്നും 'വൈദഗ്ധ്യഭംഗീഭണിതി' എന്നും ഉപയോഗിക്കുന്നു. വൈദഗ്ധ്യം എന്നതുകൊണ്ടു കാവ്യരചനാകൗശലത്തെയാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭംഗി അല്ലെങ്കിൽ വിച്ഛിത്തി നിറഞ്ഞ ഭാഷാപ്രയോഗം(ഭണിതി) എന്നാണു പറയുന്നത്. ഇതു തന്നെയാണു വക്രോക്തിയും രമണീയമായ ഭാഷാപ്രയോഗമാണ്. ഈ രണ്ടു പ്രയോഗങ്ങളുടെ പിന്നിലും ഒരേതരത്തിലുള്ള ബിംബശൃംഖലകളാണ പ്രവർത്തിക്കുന്നത് എന്ന് ഒറ്റനോട്ടത്തിൽത്തോന്നും. അവചേർന്നു നിർമ്മിക്കുന്ന ഒരു ജ്ഞാനമാതൃകയിൽ ഈ സങ്കല്പത്തെ മനസ്സിലാക്കിയെടുക്കാൻ സാധിക്കുന്നു എന്നും.

എന്നാൽ *വക്രോക്തിജീവിത*ത്തിന്റെ തുടക്കത്തിൽ ശബ്ദത്തെയും അർഥത്തെയും കുറിച്ചു പറയുന്ന സന്ദർഭത്തിൽ കുന്തകൻ വ്യക്തമാക്കുന്നു: 'പറയുവാനുദ്ദേശിച്ച അർഥത്തെ ഏറ്റവും ശരിയായി, നന്നായി, പ്രകാശിപ്പിക്കുന്ന ഒരേയൊരു ശബ്ദം മാത്രമേയുള്ളൂ' എന്ന്. ഇത്തരത്തിൽ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അതു ശരിയാണ് എന്നുകാണാം. ഒരു വസ്തുവിനെയോ ആശയത്തെയോ

സൂചിപ്പിക്കാനുദ്ദേശിക്കുന്ന നിരവധി പര്യായപദങ്ങളുണ്ടെങ്കിലും ഒരു സന്ദർഭത്തിൽ ഉപയോഗിക്കാനുള്ള ഒരെണ്ണം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് പര്യായപദങ്ങളെന്നു കരുതുന്നവ പൂർണമായും ഏകാർഥങ്ങളാണെന്നു പറയാൻ കഴിയില്ല. ഇത് തിരഞ്ഞെടുത്ത് ഉപയോഗിക്കുന്നിടത്താണ് എഴുത്തുകാരുടെ വൈദഗ്ധ്യം പ്രകടമാകുന്നത്. ഒരേ വസ്തുവിനെയോ ആശയത്തെയോ കുറിക്കുന്ന ഓരോ പര്യായശബ്ദവും വ്യത്യസ്തമായ അർഥബോധമാണു നല്കുന്നത്. പര്യായവക്രതകളെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ കുന്തകൻ ഇക്കാര്യം വിശദമാക്കുന്നുണ്ട്. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഓരോ പര്യായശബ്ദങ്ങൾക്കു പിന്നിലും സൂക്ഷ്മമായ പല വ്യത്യാസങ്ങളോടുംകൂടിയുള്ള ബിംബശൃംഖലകളാണ് പ്രവർത്തിക്കുന്നത് എന്നാണ്. ഇതു വ്യക്തമാക്കാനായി 'വക്രോക്തി', 'വൈദഗ്ധ്യഭംഗീഭണിതി' എന്നീ പര്യായങ്ങളുടെ ധൈഷണികഭാഷാസ്വഭാവം പരിശോധിക്കുന്നു.

ഇവിടെ, 'വക്രോക്തി' എന്ന പദവുമായി ബന്ധപ്പെട്ടു വരാവുന്ന പ്രധാനപ്പെട്ട ജ്ഞാനബിംബങ്ങൾ സാഹിത്യം, ഭാഷ, വക്രതകൾ, അലങ്കാരം, ഭംഗി തുടങ്ങിയവയാണ്. ഇവചേർന്നുണ്ടാകുന്ന ജ്ഞാനമാതൃകയിലൂടെ സാഹിത്യം എന്ന സങ്കല്പം രൂപപ്പെടുന്നു.

എന്നാൽ, 'വൈദഗ്ധ്യഭംഗീഭണിതി' എന്ന പ്രയോഗത്തിൽ വരുന്ന ജ്ഞാനബിംബങ്ങൾ കാവ്യം, ഭാഷ, മനോഹാരിത, കഴിവ് എന്നിങ്ങനെയുള്ളവയാണ്. ഇവ ചേർന്നു രൂപപ്പെടുത്തുന്ന ജ്ഞാനമാതൃകയിൽ എഴുത്തുകാരൻ/ കാരിയാണു വരുന്നത് എന്നുകാണാം. അതായത് പര്യായങ്ങളായി കരുതുമെങ്കിലും രണ്ടു ശബ്ദങ്ങളും രണ്ടുതരത്തിലുള്ള ബിംബശൃംഖലകളാണ് സൃഷ്ടിക്കുന്നത്.

കുന്തകൻ അവതരിപ്പിക്കുന്ന പര്യായവക്രതകളിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് എന്നതു പ്രധാനമാണ്. പലതരത്തിലുള്ള പര്യായവക്രതകൾ വരാനുള്ളതിന്റെ കാരണമായി കുന്തകൻ പറയുന്നത്: 'രണ്ടു പര്യായശബ്ദങ്ങൾ എപ്പോഴും ഒരേ അർഥമായിരിക്കില്ല നല്കുന്നത്. ഒരു പദത്തിന്റെ പര്യായങ്ങൾ പദാർഥത്തിന്റെ വ്യത്യസ്തമായിട്ടുള്ള ഛായകളെ അല്ലെങ്കിൽ വിഭിന്നാവസ്ഥകളെ കുറിക്കുന്ന തരത്തിൽ ഒന്നിനൊന്നു ഭിന്നമായിരിക്കും. വക്താവ് ഉദ്ദേശിക്കുന്ന അർഥം സൂചിപ്പിക്കുവാൻ ഒരിടത്ത് ഒരു പര്യായമാണ് യോജിക്കുകയെങ്കിൽ; മറ്റൊരിടത്ത്, അർഥസൂചന മാറുമ്പോൾ, വേറൊരു പര്യായമായിരിക്കും വേണ്ടിവരിക'(അച്യുതനുണ്ണി, 2009: 241). ഇത് കൃത്യമായി ഒരു ഉദാഹരണത്തിലൂടെ സൂചിപ്പിക്കുന്നുമുണ്ട് കുന്തകൻ(2009: 242). ദേവേന്ദ്രന് നിരവധി പേരുകളുണ്ടെങ്കിലും വർണ്ണിക്കുന്ന വിഷയവും സന്ദർഭവുമായി ഏറ്റവും ഇണങ്ങി നില്ക്കുന്ന വജ്രി എന്ന പേരുവിളിക്കുന്നതിനെക്കുറിച്ചാണ് കുന്തകൻ വ്യക്തമാക്കുന്നത്.

ഒരു ഭാഷാരൂപത്തിനോട് ചേർന്നുവരുന്ന സർവവിജ്ഞാനസ്പർശിയും വിവിധ തരത്തിലുള്ള സങ്കല്പനതലങ്ങളിൽനിന്ന് ഉയിർ കൊള്ളുന്നതുമായ ഒരു കൂട്ടം ഘടകങ്ങളാണ് അതിന്റെ ജ്ഞാനമാതൃകയെന്നു പറയാം. ഒരു വ്യക്തി മനസ്സിലാക്കിയ അനുഭവജ്ഞാനത്തിന്റെ സഞ്ചയമാണിത്. ഓരോ പദത്തിന്റെയും അർഥത്തിനു പിന്നിൽ ഇതു പ്രവർത്തിക്കുന്നു. ഇത്തരത്തിൽ പദത്തെക്കുറിച്ചുള്ള വ്യക്തിയുടെ അറിവിന്റെ പശ്ചാത്തലത്തിലാണ് അർഥം മനസ്സിലാക്കുന്നത്. ഒരു പദത്തിന്റെ അർഥം മനസ്സിലാക്കാൻ ഏതേതെല്ലാം കാര്യങ്ങളെ പരിഗണിക്കണമെന്ന് തീരുമാനിക്കുന്നത് ഭാഷകന്റെ അറിവാണ്. ഒരു ആശയം മനസ്സിലാക്കാൻ അതുമായി ബന്ധപ്പെട്ട ഭാഷകന്റെ എല്ലാ അറിവും

പശ്ചാത്തലമായി വർത്തിക്കുന്നു. കുന്തകൻ വാക്യവക്രതകളെ അവതരിപ്പിക്കുമ്പോഴും ഇതുകാണാം. ഉദാഹരണത്തിന്, രൂപകം, അപ്രസ്തുതപ്രശംസ, പര്യായോക്തം എന്നീ അലങ്കാരങ്ങളെ ഒരേ ധർമ്മത്തിന്റെയടിസ്ഥാനത്തിലാണ് വ്യക്തമാക്കുന്നത്. എന്നാൽ ഇവയുടെ പിന്നിൽ പ്രവർത്തിക്കുന്ന ജ്ഞാനമാതൃക വ്യത്യസ്തമായതുകൊണ്ട് ഇവ മൂന്നും മൂന്നലങ്കാരങ്ങളാണ്. ഉൽപ്രേക്ഷയും ദൃഷ്ടാന്തവും മറ്റൊരുദാഹരണമാണ്. ഇതുതന്നെയാണ് കുന്തകന്റെ ഓരോ വക്രതയുടെ വർഗ്ഗീകരണത്തിനു പിന്നിലെയും അർഥവിതരണത്തിന്റെ അടിസ്ഥാനം. ഓരോ വക്രതയിൽനിന്നും മറ്റൊന്നിലേക്കു പോകുമ്പോൾ ഒരു ജ്ഞാനമാതൃകാവ്യതിയാനം കാണാം. എല്ലാ വക്രതകൾക്കും വിഭാഗങ്ങളും അവയ്ക്ക് ഉപവിഭാഗങ്ങളും കുന്തകൻ നല്കുന്നുണ്ട്. പര്യായങ്ങളാണ് എന്നു തോന്നുമെങ്കിലും ഇവയുടെ പിന്നിലെ ജ്ഞാനബിംബങ്ങൾ വ്യത്യസ്തമാണ്. അതിലൂടെ അവ സൃഷ്ടിക്കുന്ന ജ്ഞാനമാതൃകയും വ്യത്യസ്തമാണ്.

**2. ഏകാർഥവും സങ്കല്പനവും**

ഓരോ വിഭാഗം വക്രതകളിലും ഉൾപ്പെടുന്ന വിഭാഗങ്ങളെ ചേർത്ത് അതിന്റെ ഒരു ഗണമായി കുന്തകൻ അവതരിപ്പിക്കുന്നതിനെ ഏകാർഥമായി മനസ്സിലാക്കാം. ഉദാഹരണത്തിന്, വിവിധതരം വർണ്ണവിന്യാസവക്രതകൾ പരിശോധിച്ചാൽ ഏകവ്യഞ്ജനനിബദ്ധം, വ്യഞ്ജനദ്വയനിബദ്ധം, ബഹുവ്യഞ്ജകനിബദ്ധം എന്നിങ്ങനെ പലതു ചേർന്നാണ് വർണ്ണവിന്യാസവക്രത എന്ന ഏകാർഥത്തെ സൃഷ്ടിക്കുന്നത്. ഓരോ വക്രതാഭേദത്തിലും ഇതുതന്നെയാണ് നടക്കുന്നത്. പലതരം പദവിന്യാസവക്രതകൾ ചേർന്ന് പദവിന്യാസവക്രതയെന്ന ഏകാർഥത്തെ സൃഷ്ടിക്കുന്നു. ഇത്തരത്തിലുള്ള ആറുതരം വക്രതകൾ ചേർന്ന് വക്രോക്തി എന്ന സങ്കല്പം രൂപപ്പെടുത്തുന്നു. അതായത്, കുന്തകൻ അവതരിപ്പിക്കുന്ന ഓരോ വക്രതാഭേദവും ഒരു ഏകാർഥത്തിലേക്കു ചൂണ്ടുന്നു. ഇവയെല്ലാം ചേർന്ന് വക്രോക്തി എന്ന ഒരൊറ്റ അർഥവും രൂപപ്പെടുന്നു. ഏതു ഭാഷ പരിശോധിച്ചാലും വളരെ കുറച്ച് പദങ്ങൾ മാത്രമേ ഏകാർഥങ്ങളായി ഉണ്ടായിരിക്കുകയുള്ളൂ എന്നുകാണാം. സാധാരണ പദങ്ങളെല്ലാം ഇതരപദങ്ങളോടു ചേരുമ്പോൾ പലതരത്തിലുള്ള വൈവിധ്യത്തോടുകൂടിയ അർഥബോധം ജനിപ്പിക്കാറുണ്ട്. ജ്ഞാനമാതൃകാർഥ വിചാരത്തിന്റെ വീക്ഷണത്തിൽ ഇതു പരിശോധിക്കുമ്പോൾ പല ബിംബശൃംഖലകൾ കൂടിച്ചേർന്ന് ഒരു ജ്ഞാനമാതൃക സൃഷ്ടിക്കുന്നതിനു സമാനമാണെന്നു കാണാം. മുകളിൽ സൂചിപ്പിച്ച ഉദാഹരണമാണെങ്കിൽ ഓരോ വർണ്ണവിന്യാസവക്രതയ്ക്കും ഓരോ ബിംബശൃംഖല ആവശ്യമാണ്. ഈ ബിംബശൃംഖലകൾ കൂടിച്ചേർന്നാണ് വർണ്ണവിന്യാസവക്രതയെന്ന ജ്ഞാനമാതൃകയെ രൂപീകരിക്കുന്നത്.

**3. ശ്ലേഷവും സങ്കല്പനവും**

ഒരൊറ്റ ശബ്ദത്തിൽനിന്നും രണ്ടു സ്വതന്ത്രമായ അർഥങ്ങളെ കല്പിക്കുന്നതാണ് ശേഷം. ഇവിടെ, വിവക്ഷിതമായതും അതിനാൽ പ്രസ്തുതവുമായ രണ്ടു സ്വതന്ത്രാശയങ്ങളെ ഒരേ ശബ്ദംകൊണ്ടു പ്രതിപാദിക്കുന്നു. അതായത് ഒരു പദവും, അതിനെ മനസ്സിലാക്കാൻ രണ്ടു ബിംബശൃംഖലയും അവ ചേർന്ന ഒരു ജ്ഞാനമാതൃകയുമായിരിക്കും ഉണ്ടാവുക. 'ഒരു പദത്തിനോ അതിലേറെ ദൈർഘ്യമുള്ള വാക്യത്തിനോ പാഠഭാഗത്തിനോ ഒന്നിൽക്കൂടുതൽ അർഥമുണ്ടായിരിക്കൽ എന്നു നിർവചിക്കുന്ന പ്രബോധചന്ദ്രൻ നായർ(2012: 47) ശ്ലേഷത്തെ പദശ്ലേഷമെന്നും വാക്യശ്ലേഷമെന്നും രണ്ടായി തിരിക്കുന്നു.

ഇതിൽ രണ്ടുതരത്തിലുള്ള ശ്ലേഷവും കുന്തകൻ ഉപയോഗിക്കുന്നുണ്ട് എന്നുകാണാം. പദതലത്തിലുള്ള ശ്ലേഷം സമനാമതതന്നെയാണെന്നു വ്യക്തമാണ്. വാക്യഘടനാപരമായിട്ടുള്ള ശ്ലേഷം ദ്വയാർഥത്തെക്കുറിക്കാനാണ് ഉപയോഗിക്കുന്നത്.

പദപൂർവാർദ്ധവക്രതകളുടെ ആദ്യവകഭേദമായ രൂഢിവൈചിത്ര്യവക്രതയിലാണു പദശ്ലേഷം കാണാനാവുക. രൂഢിവക്രതയിൽ പദങ്ങൾ അവയുടെ സാമാന്യാർഥത്തെ വിട്ട്, വിശേഷാർഥങ്ങളെ സൃഷ്ടിച്ചുകൊണ്ട് പുതിയ സംവേദനം സാധ്യമാക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഒരേ പദത്തിൽനിന്നും രണ്ടുതരത്തിലുള്ള അർഥം ഉണ്ടാവുന്നതു കാണാം. ഇവിടെ കുന്തകൻ നല്കുന്ന ഉദാഹരണം പരിശോധിച്ചാലും രണ്ട് അർഥങ്ങളെ ഉണ്ടാക്കുന്നതും രണ്ടു വ്യത്യസ്ത ബിംബശൃംഖലകളാണ്. ശബ്ദത്തിന്റെ രൂഢിപ്രധാനമായ അർഥത്തിനു പകരം എഴുത്തുകാർ ഭാവനയ്ക്കൊത്ത് കലാപരമായ പുതിയമാനം സൃഷ്ടിക്കുന്നതാണ് വക്രതയിൽ കാണുക. നാനാർഥം എന്ന നിലയ്ക്കും മികച്ച ഉദാഹരണമാണ് രൂഢിവൈചിത്ര്യവക്രത. സ്വനിമപരമായ തുല്യതയും വ്യത്യസ്തമായ അർഥവും വരുന്നതാണ് നാനാർഥം.

പിന്നീട് പദവക്രതകളിൽ ശ്ലേഷം വരുന്നത് സംവൃതിവക്രതയിലാണ്. ഇതിൽ സന്ദർഭത്തിനൊത്ത് ഉൽകർഷംകൊണ്ടോ നികർഷംകൊണ്ടോ പറയേണ്ടത് അങ്ങനെതന്നെ പറയാതെ സർവനാമങ്ങൾക്കൊണ്ടു മൂടിവെക്കുകയാണു ചെയ്യുന്നത്. ഈ മറച്ചുവെയ്ക്കൽ നടക്കുമ്പോൾ അവിടെ സർവനാമത്തിന്റെയും വർണ്യവസ്തുവിന്റെയും അർഥം നിലനില്ക്കുന്നു. അതായത് സംവൃതിവക്രതയുണ്ടാകുന്നത് വർണ്യവസ്തുവും സർവനാമവും സൃഷ്ടിക്കുന്ന ബിംബശൃംഖലകളിലൂടെ രൂപപ്പെടുന്ന ജ്ഞാനമാതൃകയിലായിരിക്കും. ഇവിടെയും ഒരു പദവും രണ്ടു ബിംബശൃംഖലകളുമാണുള്ളത്.

കുന്തകന്റെ വാക്യവക്രതകളിൽനിന്നും വാക്യശ്ലേഷം പരിശോധിച്ചാൽ നിരവധി ഉദാഹരണങ്ങളാണ് ലഭിക്കുക. പദശ്ലേഷത്തെ അപേക്ഷിച്ച് വാക്യവക്രതകളിലാണ് ശ്ലേഷം അധികവും ഉപയോഗിച്ചിട്ടുള്ളത്. ശ്ലേഷം എന്ന പേരിൽത്തന്നെ ഒരു വാക്യവക്രത കുന്തകൻ നിർവചിക്കുന്നു. ഒരു ശബ്ദത്തിൽനിന്നും രണ്ടു സ്വതന്ത്രമായ അർഥങ്ങളുണ്ടാകുന്നതായിത്തന്നെയാണു കുന്തകൻ ഇതിനെ നിർവചിച്ചിട്ടുള്ളതും. ഇത്തരത്തിൽ ദ്വയാർഥം വരുന്ന മറ്റൊരു അലങ്കാരമാണ് രൂപകം. വർണ്യത്തിന്റെ അർഥത്തോടൊപ്പം അവർണ്യത്തിന്റെ അർഥം കൂടിച്ചേരുന്ന ജ്ഞാനമാതൃകയിലാണ് രൂപകത്തെ മനസ്സിലാക്കിയെടുക്കുന്നത്. ഇതേ രീതി പിന്തുടരുന്ന മറ്റു രണ്ടു വക്രതകളാണ് അപ്രസ്തുതപ്രശംസയും പര്യായോക്തവും രൂപകത്തിലേതുപോലെ വ്യംഗ്യമായ ഒരു ദ്വയാർഥം ഇവ രണ്ടിലും കാണാവുന്നതാണ്. പിന്നീട് ഒരേ ക്രമത്തിൽ രണ്ടർഥം വരുന്ന വക്രതകളാണ് ഉൽപ്രേക്ഷയും ഉപമയും. ഇവ രണ്ടിലും വർണ്യത്തിന്റെയും അവർണ്യത്തിന്റെയും ബിംബശൃംഖലകൾ ചേർന്നാണ് അർഥമുണ്ടാകുന്നത്. ശ്ലേഷവുമായി ഏറ്റവും അടുത്തുനില്ക്കുന്നത് എന്ന നിലയ്ക്കു കുന്തകൻ വ്യക്തമാക്കുന്ന മറ്റൊരു വക്രത സഹോക്തിയാണ്. രണ്ട് ആശയങ്ങളെ ഒരൊറ്റ വാക്യത്തിൽ ഒരുമിച്ചു കൊണ്ടുവരുന്നതിലൂടെ വർണ്ണിക്കുന്ന വിഷയത്തെ അല്ലെങ്കിൽ വസ്തുവിനെ കൂടുതൽ മനോഹരമാക്കിത്തീർക്കുന്നത് എന്നാണ് കുന്തകൻ സഹോക്തിയെ നിർവചിച്ചിട്ടുള്ളതും. പിന്നീട്, ദൃഷ്ടാന്തം, അർഥാന്തരന്യാസം, വിഭാവന എന്നീ വക്രതകളിലെല്ലാം അർഥവിതരണം നടക്കുന്നത് ശ്ലേഷ ത്തിലൂടെയാണ്. ഇതിൽ അർഥത്തെ വിനിമയം ചെയ്യുന്നതിൽ ഒരേ സമയം രണ്ടു ബിംബശൃംഖലകൾ കൂടിച്ചേരുന്ന ഒരു ജ്ഞാനമാതൃകയിലാണ്.

ഇത്തരത്തിൽ പര്യായം, ശ്ലേഷം, നാനാർഥം എന്നിങ്ങനെയാണ കുന്തകൻ അർഥത്തെ വർഗ്ഗീകരിച്ച വിനിമയം ചെയ്യുന്നത്.

**ഉപസംഹാരം**

ഭാഷയിൽ പ്രധാനമായും മൂന്ന് അടരുകൾ ആയിട്ടാണ് അർഥമുള്ളത്. അത് പദതലം വാക്യതലം, സ്വനപ്രക്രിയ എന്നിവയാണ്. ഇവ മൂന്നും വക്രോക്തിയിൽ സവിശേഷമായി വരുന്നു എന്നതും പ്രധാനമാണ്. വക്രോക്തിസിദ്ധാന്തം അർഥത്തെക്കുറിച്ചുള്ളതുകൂടിയായി തീരുന്നത് ഇതിന്റെകൂടി അടിസ്ഥാനത്തിലാണ്. ഇന്ത്യയിൽ അർഥത്തെക്കുറിച്ചുള്ള പ്രാചീനസങ്കല്പങ്ങളിലൊന്നാണ സ്ഫോടം. ഭർതൃഹരിയെപ്പോലുള്ളവരുടെ സ്ഫോടസങ്കല്പം പ്രധാനമാണ്. സ്ഫോടത്തിലും വർണ്ണസ്ഫോടം, പദസ്ഫോടം, വാക്യസ്ഫോടം, അഖണ്ഡപദസ്ഫോടം, അഖണ്ഡവാക്യസ്ഫോടം എന്നിങ്ങനെ പലതരത്തിൽ വിവിധ മതത്തിനനുസരിച്ച വിഭജനം നടന്നിട്ടുണ്ട്. അവിടെയും വർണ്ണം, പദം, വാക്യം എന്നുതിരിച്ചുകൊണ്ടു ഭാഷയെ പഠിക്കുന്ന രീതിയാണ് ഉപയോഗിച്ചിരുന്നത്. അതിന്റെയൊരു തുടർച്ച കുന്തകനിലും കാണാം. അർഥമില്ലാതെ സ്ഫോടം ഇല്ല എന്നാണവരുടെ വാദം. വക്രോക്തിസങ്കല്പത്തിലെ വിവിധ വക്രതകളെ ധൈഷണിക അർഥപഠനരീതിശാസ്ത്രം ഉപയോഗിച്ച വിശകലനം ചെയ്യുതിൽനിന്നും അത്തരമൊരു നിഗമനത്തിലേക്ക് എത്തിച്ചേരാനാണ സാധിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് സാഹിത്യത്തിൽ അർഥത്തെ ഏറ്റവും വിനിമയക്ഷമമായി അവതരിപ്പിക്കാൻ കഴിയുന്ന, സാഹിത്യസമീപനപദ്ധതിയായി മാറുന്നു.

**സഹായകഗ്രന്ഥസൂചി**


- ★ അച്യുതനുണ്ണി, ചാത്തനാത്ത്. (2009). *വക്രോക്തിജീവിതം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
- ★ കുഞ്ഞുണ്ണിരാജ, കെ. (2018). *അർഥം ഭാരതീയസിദ്ധാന്തങ്ങൾ.* കെ. എം. രവീന്ദ്രൻ(വിവ). ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
- ★ ഗിരീഷ്, പി. എം. (2012). *അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം: ആമുഖം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
- ★ Fillmore, Charles. (1982). '*Towards a Descriptive Framework for Spatial Deixis, Speech, Place and Action'*, R. J. Jarvella and W. Klein (editors). London: Wiley.
- ★ Krishnamoorthi, K. (1977). *Introduction to the Vakroktijivita.* Dharwad: Karnataka University.
- ★ Lakoff, George and Mark Johnson. (1999). *Philosophy in the Flesh: The Embodied Mind and its Challenge to Western Thought.* New York: Basic Books.
- ★ Lakoff, George and Mark Turner. (1989). *More than Cool Reason, A field Guide to Poetic Metaphor.* Chicago and London: University of Chicago Press.
- ★ Stockwell, Peter. (2002). *Cognitive Poetics, An Introduction.* London and New York: Routledge.

- Stockwell, Peter. (2009). *Texture, A Cognitive Aesthetics of Reading*. Edinburgh: Edinburgh University Press.